6799

ഭാരതീയ മഹാൻമാർ

406

# അബുൾകലാം ആസാദ്

MUNAVIRVL ISLAM HIGH SCHOOL
Date
ERNAKULAM

(C)

സ്റേററ് ഇൻസ്ററിററ്യൂട്ട് ആഫ്
എഡ്യൂക്കേഷൻ
തിരുവനന്തപുരം
1979

6799

ഭാരതീയ മഹാൻമാര്

# അബ്ദുൾകലാം ആസാദ്

MUNAVVIRUL ISLAM HIGH SCHOOL, ERNAKULAM
Date

(സംസ്ഥാന വിദ്യാഭ്യാസഇൻസ്ററിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ
ശ്രീ മണിയൂർ പി. ബാലൻ തയ്യാറാക്കിയത്.)

(C)

സ്റേററ് ഇൻസ്ററിററ്യൂട്ട് ആഫ്
എഡ്യൂക്കേഷൻ
തിരുവനന്തപുരം

1979

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആചാര്യന്മാരുടെ പരമ്പര | 1 |
| 2. | ഒരു അലീമിന്റെ അരങ്ങേററം | 4 |
| 3. | വിജ്ഞാനത്തിന്റെ മേഖലകൾ | 6 |
| 4. | അന്വേഷണത്തിന്റെ ആരംഭം | 8 |
| 5. | രാഷ്ട്രീയപ്രവർത്തനത്തിന്റെ ആരംഭം | 10 |
| 6. | പത്രാധിപർ | 12 |
| 7. | അൽ—ഹിലാൽ | 16 |
| 8. | മതചിന്തകൻ | 20 |
| 9. | മഹത്സംഗമം | 24 |
| 10. | കോൺഗ്രസ്സദ്ധ്യക്ഷൻ | 30 |
| 11. | ഉപ്പുസത്യഗ്രഹം | 31 |
| 12. | യുദ്ധത്തിന്റെ ആരംഭം | 33 |
| 13. | വ്യക്തി സത്യഗ്രഹം | 38 |
| 14. | ക്രിപ്സ് ദൗത്യം | 40 |
| 15. | 'ക്വിററ് ഇന്ത്യ' | 43 |
| 16. | സിംലയിൽ ഒരു സമ്മേളനം | 48 |
| 17. | ദൌത്യസംഘത്തിന്റെ ആഗമം | 50 |
| 18. | ഇടക്കാല ഗവർമ്മെണ്ട് | 52 |
| 19. | വിദ്യാഭ്യാസ മന്ത്രി | 55 |
| 20. | ആസാദ് എന്ന മനുഷ്യൻ | 58 |

# അബുൽകലാം ആസാദ്

## I

## പൂർവ്വകഥ

### ആചാര്യന്മാരുടെ പരമ്പര

മഹാത്മാഗാന്ധിയുടെ അനുയായികളിൽ പ്രഥമഗണനീയനാണ് അബുൽകലാം ആസാദ്. അദ്ദേഹത്തിന് ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ അനശ്വരമായ ഒരു സ്ഥാനമുണ്ട്. ദേശീയൈക്യത്തിന്റെ 'അപ്പോസ്തല'നെന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നത്. പുതിയ തലമുറയ്ക്ക് ആവേശ പ്രദവും, മാതൃകാപരവുമാണ്, ആ ജീവിത കഥ.

കറകളഞ്ഞ ദേശ സ്നേഹവും, തികഞ്ഞ മതഭക്തിയും ഇണക്കിച്ചേർത്ത്, ഹിന്ദു—മുസ്ലീം ഐക്യത്തിന് വേണ്ടി ജീവിത കാലമത്രയും പ്രവർത്തിച്ച്, അദ്ദേഹം ഇന്ത്യൻ ജനതയുടെ കണ്ണിലുണ്ണിയായിത്തീർന്നു.

### ആസാദിന്റെ പൂർവ്വികൻമാർ

മുഗൾചക്രവർത്തിയായ ബാബരുടെ കാലം. 'ഹീറത്തി'ൽ നിന്നും ഒരു കുടുംബം ദില്ലിയിൽ കുടിയേറിപ്പാർത്തു. അവർ ചക്രവർത്തിയുടെ പ്രീതിക്കു പാത്രമായി കൊട്ടാരത്തിൽ മതപണ്ഡിതൻമാരായും, ഉദ്യോഗസ്ഥൻമാരായും പ്രവർത്തിച്ചു വന്നു. അവരുടെ പരമ്പര പിന്നീട് ഒരിക്കലും കൊട്ടാരത്തിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നില്ല.

ആ പരമ്പരയിൽ ഷെയ്ക്ജമാലുദ്ദീൻ എന്നൊരു മത പണ്ഡിതൻ ഉണ്ടായിരുന്നു. അദ്ദേഹം അക്ബർ ചക്രവർത്തിയു

ടെ ആത്മീയ ഗുരുസ്ഥാനം വഹിച്ചു പോന്നു. ആയിടയ്ക്ക്, ചക്രവർത്തി 'ദീൻ—ഇലാഹി' എന്നൊരു പുതിയ മതം സ്ഥാപിച്ചു.

ആ മതം അംഗീകരിക്കുവാൻ ജമാലുദ്ദീൻ കൂട്ടാക്കിയില്ല. ചക്രവർത്തി ക്ഷോഭിച്ചു. പക്ഷെ ജമാലുദ്ദീൻ ധീരതയോടെ കൊട്ടാരം വിട്ടു പോന്നു.

അധികൃതൻമാരുടെ മുമ്പിൽ തലകുനിക്കാത്ത സ്വഭാവം ആസാദിനു ലഭിച്ചത് ഈ പാരമ്പര്യത്തിൽ നിന്നായിരിക്കണം.

## 1857–ലെ വിപ്ലവം

കച്ചവടത്തിനു വന്ന വെള്ളക്കാർ ഇന്ത്യ കൈയടക്കി. അവരുടെ അടിമത്തത്തിൽ നിന്നും മോചനം നേടാൻ ഇന്ത്യയിലെ ചില നാടുവാഴികളുടെ നേതൃത്വത്തിൽ 1857–ൽ ഒരു വിപ്ലവം നടന്നു. പക്ഷേ ആ സമരം അടിച്ചമർത്തപ്പെട്ടു. ബ്രിട്ടീഷ് ഭരണാധികാരികൾക്ക് കലി കയറി. അവർ മൃഗീയമായ പ്രതികാര നടപടികളാരംഭിച്ചു, മർദ്ദനങ്ങൾ അഴിച്ചുവിട്ടു, നാടുവാഴികൾ മാത്രമല്ല, സാധാരണക്കാരും മർദ്ദനങ്ങൾക്ക് ഇരയായി.

ഈ പീഡനങ്ങൾ സഹിക്കാതെ, ആസാദിൻെറ പ്രപിതാമഹൻ ഇന്ത്യയിൽ നിന്നു രക്ഷപ്പെടുവാൻ ശ്രമിച്ചു. എന്നാൽ അത് സാധിച്ചില്ല. രാജ്യം വിടാൻ കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹം മൃതിയടഞ്ഞു. ആസാദിൻെറ പിതാവ് ഖൈറുദ്ദീനിന്ന് അന്ന് ഇരുപത്തഞ്ചു വയസ്സ് പ്രായമായിരുന്നു. പിതാവിനെപ്പോലെ, ഖൈറുദ്ദീനും രാജ്യം വിട്ടു പോകാൻ ശ്രമമാരംഭിച്ചു. അദ്ദേഹം ഒരു വിധത്തിൽ ബോംബെയിൽ എത്തി. അവിടെ നിന്ന് മക്കയിലേക്ക് കടന്നു രക്ഷപ്പെട്ടു.

ഖൈറുദ്ദീൻ പേരുകേട്ട സൂഫി കവിയും, മതപണ്ഡിതനുമായിരുന്നു. അദ്ദേഹം മക്കയിൽ സ്ഥിര താമസമാക്കി. അറബിഭാഷയിൽ കവിതകളെഴുതി പേരും പെരുമയും നേടി.

ഖൈറുദ്ദീൻ വിവാഹം കഴിച്ചത്, മദീനയിലെ ഒരു പണ്ഡിതനായ ഷെയ്ക്ക് മുഹമ്മദ് സുഹ്യർവദ്രി എന്നയാളുടെ മകളെയാണു്. ആ സാധ്വി അറബിഭാഷാ വിദുഷിയായിരുന്നു. 1888 നവമ്പർ 11-നു ആ ദമ്പതികൾക്ക് മക്കയിൽ ജനിച്ച പുത്രനാണ് മൗലാനാ മുഹമ്മദ് അബുൾകലാം ആസാദ്.

പിതാവിട്ട പേര് അഹമ്മദ് എന്നാണ്. പിന്നീട് അബുൾകലാം എന്ന ഓമനപ്പേര് വിളിക്കാൻ തുടങ്ങി. പിൽക്കാലത്ത് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ ബഹുമതിയായി മൌലാനാ എന്നും ചേർത്തു. ആസാദ് എന്നതോ, കഥാപുരുഷന്റെ തൂലികാനാമവുമാണ്.

ഖൈറുദ്ദീൻ അറബിഭാഷയിൽ, പത്തുവാല്യങ്ങളുള്ള ഒരു കൃതി എഴുതി. അത് പ്രസിദ്ധീകരിച്ചത് ഈജിപ്തിൽ നിന്നായിരുന്നു. അതോടുകൂടി അദ്ദേഹം ഇസ്ലാമികലോകത്ത് മുഴുവൻ പ്രശസ്തനായി.

അദ്ദേഹം ഇസ്ലാമികരാജ്യങ്ങളിൽ, പലപ്പോഴും പ്രസംഗപര്യടനം നടത്തി വന്നിരുന്നു. സ്ഥിതിഗതികൾ കുറെക്കൂടി അനുകൂലമായിക്കഴിഞ്ഞതില്പിന്നെ ഇന്ത്യയും സന്ദർശിച്ചു വന്നു. ഈ സന്ദർശനങ്ങൾക്കിടയിൽ ബോംബെ, കൽക്കത്ത മുതലായ നഗരങ്ങളിൽ വളരെയേറെ ശിഷ്യൻമാരെ സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ജിദ്ദയിൽവച്ച് ഉണ്ടായ ഒരപകടത്തിൽ. ഖൈറുദ്ദീന്ന് കണങ്കാലിന്റെ എല്ലുകൾക്ക് പരുക്കുപററി. വിദഗ്ദ്ധചികിൽസ ആവശ്യമായിവന്നു. കൽക്കത്തയിലെ ഡോക്ടർമാരെ സമീപിക്കാൻ തീരുമാനിച്ചു. 1898—ൽ അദ്ദേഹം ഇന്ത്യയിൽ എത്തി.

ചികിത്സ കഴിഞ്ഞ് മടങ്ങാനൊരുങ്ങിയപ്പോൾ, ആരാധകൻമാരും ശിഷ്യൻമാരും സ്നേഹപൂർവ്വം തടഞ്ഞു. അവരുടെ നിർബന്ധത്തിന് വഴങ്ങി കൽക്കത്തയിൽ തന്നെ സ്ഥിരതാമസമാക്കാൻ തീരുമാനിച്ചു.

കൽക്കത്തയിലെത്തി ഒരു കൊല്ലം കഴിയുമ്പോഴെക്കും ആസാദിന്റെ മാതാവ് അന്തരിച്ചു. അന്ന് അദ്ദേഹത്തിന് പത്തു വയസ് കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. മാതാവിന്റെ മരണം ആസാദിനെ ദുഃഖാകുലനാക്കിത്തീർത്തു.

# II

# ഒരു അലീമിന്റെ അരങ്ങേററം

നമ്മുടെ ദേശീയനേതാക്കളിൽ മിക്കവരും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സന്തതികളാണ്. ആസാദ് ഇതിൽ നിന്നു വ്യത്യസ്തനാണ്. ഏതാണ്ട് പത്തു വയസ്സുവരെ മക്കയിലും, മദീനയിലുമായി കഴിഞ്ഞ കാലത്താണ് ആസാദിന്റെ ആദ്യപാഠങ്ങരം ആരംഭിച്ചത്. പിന്നിട് പിതാവിന്റെ നിഷ്ക്കർഷമൂലം, പൗരസ്ത്യരീതിയിൽ വിദ്യാഭ്യാസം നേടാനേ അദ്ദേഹത്തിനു സാധിച്ചുള്ളൂ.

ആസാദിന്റെ പിതാവ് മതകാര്യങ്ങളിൽ. തികഞ്ഞ യാഥാസ്ഥിതികനായിരുന്നു. ആചാരാനുഷ്ഠാനങ്ങളിൽ എള്ളിട മാററം വരുത്താൻ, അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പരിവർത്തനവാദികരം മഹാത്മാക്കളാണെന്നായിരുന്നു അഭിപ്രായം പാശ്ചാത്യ വിദ്യാഭ്യാസം, ഇസ്ളാമിന്റെ പാരമ്പര്യവും മതവിശ്വാസവും തകർത്തുകളയുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അതുകൊണ്ട് തന്റെ മകനെ പാശ്ചാത്യരീതിയിൽ വിദ്യ അഭ്യസിപ്പിക്കാൻ, ഖൈറുദ്ദീൻ തയ്യാറായില്ല.

അക്കാലത്ത് അറബി–പേർസ്യൻ ഭാഷകളിൽ 'ദർജ്–എ-നിസാമിൻ' (Darse Nizamine) എന്നൊരു കോർസ് നടത്തിവന്നി

രുന്നു. ആദ്യം അറബി, പേർസ്യൻ ഭാഷകൾ വശത്താക്കണം, പിന്നീട് അറബി ഭാഷയിലൂടെ തത്വശാസ്ത്രം, ഗണിതശാസ്ത്രം ഭൂമിശാസ്ത്രം ചരിത്രം മുതലായ വിഷയങ്ങൾ പഠിക്കണം. 'ഇസ്ളാമിക ദർശനവും" പാഠ്യവിഷയങ്ങളിൽ ഉൾപ്പെട്ടിരുന്നു. മദ്രസകളിലാണ് ഈ കോർസ് നടത്തിവന്നത്. അന്ന് ഇന്ത്യൻ മുസൽമാന്ന് ലഭിക്കാവുന്ന ഏററവും മികച്ച വിദ്യാഭ്യാസം ഇതുതന്നെയായിരുന്നു.

വിഷയങ്ങളെല്ലാം പഠിച്ചു കഴിഞ്ഞാൽ, ഏതാനും വിദ്യാർത്ഥികളെ അതേവിഷയം പഠിപ്പിക്കുകയും വേണം. ഇതൊരു തരം പ്രായോഗികപരിശീലനമാണ്. അതും കഴിഞ്ഞാൽ 'അലീം' എന്നറിയപ്പെടുന്ന 'സർട്ടിഫിക്കററ്' കിട്ടും.

മകനെ ഒരു അലീമാക്കുവാനാണ് ഖൈറുദ്ദീൻ ആഗ്രഹിച്ചത്. തന്നെപ്പോലെ വലിയൊരു മതാചര്യനായി കാണാനും അദ്ദേഹം മോഹിച്ചിരിക്കണം.

കൽക്കത്തയിൽ നല്ലൊരു മദ്രസാ ഉണ്ടായിരുന്നു. എന്നാൽ മകനെ അവിടെ അയച്ച് പഠിപ്പിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ആദ്യപാഠങ്ങൾ താൻതന്നെ അഭ്യസിപ്പിച്ചു. പിന്നീട് വിവിധ വിഷയങ്ങളിൽ സമർത്ഥരായ അദ്ധ്യാപകരെ സ്വന്തമായി ഏർപ്പെടുത്തുകയും ചെയ്തു.

ആസാദ് കുട്ടിക്കാലത്തു തന്നെ പഠനകാര്യത്തിൽ അതിസമർത്ഥനായിരുന്നു. അസൂയാർഹമായ ഗ്രഹണശക്തി ആ ബാലൻെറ പ്രത്യേകാനുഗ്രഹമായിരുന്നു. ഇരുപതോ, ഇരുപത്തഞ്ചോ വയസ്സിനിടയിലാണ് 'അലീം' പരീക്ഷ സാധാരണക്കാർ പൂർത്തിയാക്കുക. എന്നാൽ പതിനാറാം വയസ്സിൽ തന്നെ അവൻ ഒരു 'അലീമായി'.

പ്രായോഗികപരിശീലനകാലത്ത് വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടതുണ്ടെന്ന് പറഞ്ഞുവല്ലോ. ആസാദിനു വേണ്ടി പതിനഞ്ചു വിദ്യാർത്ഥികളെ പ്രത്യേകം തെരഞ്ഞെടുത്തു. പിതാവിൻെറ മേൽ നോട്ടത്തിൽത്തന്നെ ആ പരിശീലനവും കഴിച്ചു. കൗമാരത്തിൻെറ അപക്വതയും, തിടുക്കവും അന്നു വളരെ പ്രകട

മായിരുന്നു. വിദ്യാർത്ഥികളോടു നന്നായി പെരുമാറാൻ സാധി ക്കാഞ്ഞതുകൊണ്ട്, പിതാവിൻെറ ശാസനയ്ക്ക് വിധേയനാ വേണ്ടി വന്നു. അന്ന് ഉണ്ടായ കൗതുകകരമായ അനുഭവങ്ങൾ, ആസാദ് ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# III

# വിജ്ഞാനത്തിൻെറ മേഖലകൾ

പഴഞ്ചൻ വിദ്യാഭ്യാസത്തിൻെറ ഫലമായി മുസ്ലീങ്ങൾ അനുദിനം പിൻതള്ളപ്പെടുകയായിരുന്നു. ഇന്ത്യൻ മുസൽമാൻെറ പുരോഗതിക്കുവേണ്ടി, അക്കാലത്ത് പലരും മുന്നിട്ടിറങ്ങി ഇവ രിൽ പലതുകൊണ്ടും ശ്രദ്ധേയനായിരുന്നു സർസയ്ദ്അഹമ്മദ് ഖാൻ. അദ്ദേഹം ആഹ്വാനം ചെയ്തു:

നിങ്ങൾ ഇംഗ്ലീഷ് പഠിക്കുക; സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗം നേടുക; സാംസ്ക്കാരികമായും, സാമ്പത്തികമായും നേട്ടമുണ്ടാക്കുക.'

അതൊരു പുതുമയായിരുന്നു. പലരും അതിൽ ആകൃഷ് ടരായി. പഴമയുടെ മറകൾ വലിച്ചുനീക്കി. പാശ്ചാത്യ വിദ്യാ ഭ്യാസംസ്വീകരിച്ചു തുടങ്ങി. ആസാദും ആ വഴിക്കു തിരിഞ്ഞു.

ലോകം അനുദിനം പുരോഗമിച്ചു വരുന്നു; തത്വജ്ഞാ നവും, കലകളും, ശാസ്ത്രവും പുതിയ മേഖലകൾ കണ്ടെത്തി ക്കൊണ്ടിരിക്കുന്നു. ഈ രംഗങ്ങളിലൊക്കെ, സാമാന്യജ്ഞാനമി ല്ലാത്ത ഒരാൾക്ക് പൂർണ്ണമായ വിദ്യാഭ്യാസം ലഭിച്ചുവെന്നു പറ യാനാവില്ല. എന്നാൽ പരമ്പരാഗതമായി, ഇന്ത്യൻ മുസൽമാന് ല

ഭിക്കുന്ന വിദ്യാഭ്യാസമാകട്ടെ, ഇതിനടുത്തൊന്ന് എത്തിനോക്കാൻ പോലും ഉതകുന്നതരത്തിലുള്ളതായിരുന്നില്ല. തീർച്ചയായും അതൊരു പോരായ്മ തന്നെ. പക്ഷേ പാശ്ചാത്യവിദ്യാഭ്യാസം തൻെറ പിതാവ് ഒരിക്കലും അംഗീകരിക്കുകയില്ലെന്ന് ആസാദിന് അറിയാമായിരുന്നു. അദ്ദേഹം തൻെറ ആഗ്രഹം അടക്കിപ്പിടിച്ചു.

1909—ൽ പിതാവിൻെറ മരണശേഷം, ആസാദിൻെറ ശ്രദ്ധ വീണ്ടും ഇംഗ്ലീഷു പഠനത്തിലേക്കു തിരിഞ്ഞു.

സ്നേഹിതൻമാരുടെ കൂട്ടുപിടിച്ച് ആസാദും അനുജനും ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങി. ഒരു നിഘണ്ടുവിൻെറ സഹായത്തോടെ ഇംഗ്ലീഷു പത്രങ്ങൾ വായിക്കാനും ശീലിച്ചു. അന്ന് ഇംഗ്ലീഷു ഭാഷയോടു ഉദിച്ച താത്പര്യം ആസാദിൻെറ മരണം വരെ നിലനിന്നിരുന്നു.

പരാശ്രയമില്ലാതെ ഇംഗ്ലീഷ് വായിക്കാമെന്നായി. വായനയ്ക്കു വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് ഇംഗ്ലീഷിലുള്ള 'ബൈബിൾ'ആയിരുന്നു. 'ഉറുദു', പേർസ്യൻ ഭാഷകളിലുള്ള 'ബൈബിളു'കളും ഒപ്പം വച്ച്, ഇംഗ്ലീഷിലൂടെ ബൈബിൾ മനസ്സിലാക്കുവാൻ ശ്രമിച്ചുനോക്കി.

ചരിത്രവും, തത്ത്വജ്ഞാനവും, ആസാദിന് പ്രിയങ്കരങ്ങളായിരുന്നു. ഇംഗ്ലീഷ് പരിജ്ഞാനം, ഈ വിഷയങ്ങൾ കൂടുതൽ പഠിക്കുവാൻ സഹായകമായി. ഇതിനിടയിൽ ഫ്രഞ്ച് ഭാഷയും പഠിക്കുവാൻ ശ്രമിച്ചിരുന്നു.

# IV

# അന്വേഷണത്തിന്റെ ആരംഭം

"വിജ്ഞാനവും തേടി ലോകം മുഴുവൻ ചുററിനടന്നു. എന്റെ കളപ്പുര നിറഞ്ഞിരിക്കുന്നു; പക്ഷേ ഞാനിന്നും കതിർ മണികൾ തേടി നടക്കുകയാണ്''.

ഇതൊരു പേർസ്യൻ കാവ്യശകലമാണ്. തന്റെ അടങ്ങാത്ത വിജ്ഞാനദാഹം സൂചിപ്പിക്കുമ്പോഴെല്ലാം ആസാദ് ഈ വരികൾ ഉദ്ധരിക്കാറുണ്ട്.

തനിക്കു ലഭിച്ച പഴഞ്ചൻ വിദ്യാഭ്യാസം ആസാദിനെ തൃപ്തനാക്കിയില്ല. ആധുനിക വിദ്യാഭ്യാസവുമായി വേണ്ടത്ര ബന്ധപ്പെടാൻ കഴിഞ്ഞതുമില്ല. വിജ്ഞാനത്തിന്റെ പുതിയ മേഖലകൾ ദൂരെനിന്നുനോക്കിക്കണ്ടു. ഞാൻ എത്ര അജ്ഞനാണെന്ന ചിന്ത അദ്ദേഹത്തെ അസ്വസ്ഥനാക്കി.

പിതാവിന്റെ യഥാസ്ഥിതികത്വവും, അയവില്ലാത്ത മതവിശ്വാസവും, ആസാദിനെ തലമുറകളോളം പിന്നിലാക്കിക്കളഞ്ഞു. ഒരുഭാഗത്തു് മതം സൃഷ്ടിച്ച പഴയലോകം, മറുഭാഗം യന്ത്രയുഗത്തിന്റെ പുതിയ ലോകം. രണ്ടും തമ്മിൽ എന്തൊരന്തരം! ആസാദിന്റെ ചിന്താശക്തി ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങി.

മനസ്സിൽ ഒരുനൂറായിരം സംശയങ്ങളുടെ ചുഴികളുയർന്നു. മാനവലോകത്തിന്റെനന്മയാണ് ഇസ്ലാമിന്റെ ലക്ഷ്യം. മററു

മതങ്ങളുടെ ലക്ഷ്യവും മറ്റൊന്നല്ലല്ലോ. എന്നിട്ടും പരസ്പര കലഹം ഉണ്ടാവുന്നതെങ്ങനെ? ഇസ്ലാംമതത്തിൽത്തന്നെ വിവിധ വിഭാഗങ്ങളുണ്ട്. അവതമ്മിൽ പോരടിക്കുന്നതെന്തിന്? എല്ലാവരും ഒരുശക്തി കേന്ദ്രത്തിന്റെ അംശങ്ങളാണ്; പിന്നെ പരസ്പരം കുറ്റപ്പെടുത്തുന്നതിൽ എന്താണർത്ഥം? സർവ്വമതങ്ങളും സത്യത്തിന്റെ പൊരുളാണെന്ന് പറയപ്പെടുന്നു. എങ്കിൽ മതകലഹങ്ങൾ ഉണ്ടാവാൻ പാടുണ്ടോ? അങ്ങനെ നിരവധി ചോദ്യങ്ങൾ. ബാലനായ ആസാദിന്റെ മനസ്സ് അന്വേഷണത്തിന്റെ പാതയിലേയ്ക്കു തിരിഞ്ഞു.

അദ്ദേഹത്തിന്റെ ജീവിതം ഒരു സത്യാന്വേഷണമായിമാറി. ജീവിതത്തിന് ഒരു പ്രത്യേക ലക്ഷ്യം ഉണ്ടായിരിക്കണം; അതു മററാരെങ്കിലും നിർദ്ദേശിക്കുന്നതാവരുത്. അവനവൻതന്നെ കണ്ടെത്തണം; അബുൽകലാമിന് മനസ്സിലായി. പിന്നെ അതിന് അനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങി.

ചിന്തയും,വാക്കും, പ്രവൃത്തിയുമെല്ലാം സ്വന്തമായിരിക്കണം; സ്വതന്ത്രമായിരിക്കണം. മാനസികമായ അടിമത്തം പോലും പാടില്ല. അബുൽകലാം തീരുമാനിച്ചു. അതു ഉള്ളിൽ തട്ടിയ തീരുമാനമായിരുന്നു. സ്വാതന്ത്ര്യത്തോടുള്ള താത്പര്യം സാഹിത്യരംഗത്താണ് ആദ്യമായി പ്രകടിപ്പിച്ചത്. അദ്ദേഹം തന്റെ തൂലികാനാമം തെരഞ്ഞെടുത്തു.— ആസാദ്. ആ ഉർദുപദത്തിന്റെ അർത്ഥം 'സ്വതന്ത്രൻ' എന്നാണ്. അദ്ദേഹത്തിന്റെ ചിന്തകളിൽ സ്വാതന്ത്ര്യത്തിന്ന് നല്കിയ പ്രാധാന്യം എത്രമാത്രമുണ്ടെന്നതിന്ന്, മററു തെളിവുകൾ വേണ്ടല്ലോ.

# V

# രാഷ്ട്രീയ പ്രവർത്തനത്തിൻെറ ആരംഭം

ഭിന്നിപ്പിച്ചു ഭരിക്കുക; അധികാരം നിലനിർത്തുക. ഇന്ത്യയിൽ അതായിരുന്നു വെള്ളക്കാരുടെ നയം. ഹിന്ദുക്കളും, മുസ്ലിങ്ങളും ഐക്യത്തിൽ കഴിയരുത്. അപ്പോഠം തങ്ങളുടെ താത്പര്യങ്ങഠം നിറവേറുകയില്ല. ഹിന്ദുക്കളും മുസ്ലിങ്ങളും എന്നും തമ്മിലടിക്കണം. വെള്ളക്കാരുടെ സർക്കാർ അതിനു വേണ്ട മാർഗ്ഗങ്ങളുണ്ടാക്കി. ഹിന്ദുവും മുസൽമാനും പരസ്പരം വിശ്വസിക്കാത്ത പരിതഃസ്ഥിതികളുണ്ടാക്കി.

ബ്രിട്ടീഷ് ഗവർമ്മണ്ടിനെ തകർക്കുവാനുള്ള ലക്ഷ്യത്തോടുകൂടി ബങ്കാളിൽ ഒരുവിപ്ളവപ്രസ്ഥാനം രൂപംകൊള്ളുന്നുണ്ടായിരുന്നു. അതിൽ ഹിന്ദുക്കളായിരുന്നു കൂടുതലും പ്രവത്തിച്ചുവന്നത്. ഈ പ്രസ്ഥാനത്തിൻെറ ശക്തികുറയ്ക്കണം. മുസ്ലീങ്ങളെ തങ്ങളുടെ പക്ഷത്താക്കകയും വേണം; അതായിരുന്നു സർക്കാറിൻെറ ലക്ഷ്യം. അവർ അതിന് അനുസരിച്ച് കരുനീക്കം നടത്തി.

ബങ്കാഠം വിഭജിക്കണം; എന്നാൽ ഹിന്ദുക്കളും, മുസൽമാന്മാരും തമ്മിൽ അകലും. സർക്കാർ കണക്കു കൂട്ടി. കർസൺ പ്രഭുവിൻെറ നേതൃത്വത്തിൽ, ബങ്കാഠം വിഭജിക്കുവാനുള്ള ഒരുക്കവും തുടങ്ങി.

ജനങ്ങഠം സവ്വ ശക്തിയും ഉപയോഗിച്ച് ഈ നീക്കത്തെ ചെറുത്തു. ബങ്കാഠം തിളച്ചുമറിയാൻ തുടങ്ങി. വിപ്ളവ പ്രസ്ഥാനം ശക്തി പ്രാപിച്ചു. ആസാദ്, വിപ്ളവനേതാക്കളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങി.

ഇതിനിടെ ആസാദ്, ഇറാക്, ഈജിപ്ത് മുതലായ മുസ്ലിം രാജ്യങ്ങളിൽ പര്യടനം നടത്തിയിരുന്നു. ആ രാജ്യങ്ങളിൽ സാമ്രാജ്യത്വത്തിനെതിരായി പോരാടുന്ന വിപ്ളവകാരികൾ ഉണ്ടായിരുന്നു. ആസാദ് അവരുമായി പരിചയപ്പെട്ടു. ബ്രിട്ടീഷുകാർക്ക് എതിരായി പോരാടുന്നതിൽ, ഇന്ത്യൻ മുസൽമാന്മാർ കുറെക്കൂടി ഉത്സാഹം പ്രകടിപ്പിക്കണമെന്ന് ആ നേതാക്കന്മാർ അഭിപ്രായപ്പെട്ടിരുന്നു. അവരുമായുള്ള ബന്ധം, ആസാദിന്റെ രാഷ്ട്രീയ വീക്ഷണങ്ങളിൽ, സാരമായ മാററങ്ങൾ ഉണ്ടാക്കി.

അക്കാലത്ത് ഇന്ത്യയിലെ മുസ്ലിങ്ങളിൽ വലിയൊരു വിഭാഗം സർ സയ്ദ് അഹമ്മദ്ഖാന്റെ നേതൃത്വം അംഗീകരിച്ചിരുന്നു. അവരുടെ കേന്ദ്രം അലീഗഢ് ആയിരുന്നു. അവർ ബ്രിട്ടീഷ് ഭരണാധികാരികളുമായി കൂടുതൽ ബന്ധപ്പെട്ടിരുന്നതിനാൽ ധാരാളം ആനുകൂല്യങ്ങൾ അനുഭവിച്ചുവന്നു.

ദേശീയപ്രസ്ഥാനത്തിൽ നിന്നും ഇന്ത്യൻ മുസൽമാൻമാർ, വളരെ അകന്നു പോയേക്കുമോ എന്നു പലരും സംശയിച്ചു.

ഈ പരിതഃസ്ഥിതിയിലാണ് ആസാദിന്റെ രംഗപ്രവേശം. ബ്രട്ടീഷുകാർക്ക് എതിരായി എല്ലാ ഇന്ത്യാക്കാരും ഒരുപോലെ സംഘടിക്കണം; ഐക്യത്തോടെ പ്രവർത്തിക്കണം. എന്നാൽ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യസമരം നടത്താൻ കഴിയൂ. ഈ ലക്ഷ്യം സാധിക്കുവാൻ, ആസാദ് പദ്ധതികൾ ആവിഷ്ക്കരിച്ചു.

ബങ്കാളിലെ വിപ്ളവപ്രസ്ഥാനം നയിച്ചിരുന്നത് ശ്രീ അരവിന്ദഘോഷ്, ശ്യാമസുന്ദര ചക്രവർത്തി മുതലായവർ ആയിരുന്നു. ആസാദ് അവരുമായി പരിചയപ്പെട്ടു: മുസൽമാന്മാർ മുഴുവൻ ബ്രിട്ടീഷുകാർക്ക് അനുകൂലമാണെന്നായിരുന്നു ആ നേതാക്കളുടെ ധാരണ. അതു തിരുത്തുവാൻ ആസാദിന്റെ പ്രവർത്തനം പര്യാപ്തമായി

അഹമ്മദ്ഖാന്റെ സ്വാധീനവലയത്തിൽ നിന്നും മുസ്ലിങ്ങളെ അകററണം. മുസൽമാന്റെ സാമൂഹ്യ പുരോഗതിക്ക് വലിയസംഭാവന നല്കീട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ രാഷ്ട്രീയ

വീക്ഷണം എല്ലാവർക്കും സ്വീകാര്യമായിരുന്നില്ല. എല്ലാ ജന വിഭാഗങ്ങളും ബ്രിട്ടീഷുകാരെ എതിർക്കണം. എന്നാൽ മാത്രമേ ഇന്ത്യയുടെ മോചനം നടക്കുകയുള്ളൂ. ആസാദ് ആ ലക്ഷ്യം വച്ച്, തന്റെ പ്രവർത്തനം ആരംഭിച്ചു. പ്രസംഗങ്ങളും, പത്രപ്ര വർത്തനവും അതിന് പററിയ മാർഗ്ഗങ്ങളാണെന്ന് അദ്ദേഹത്തി നു തോന്നി.

അങ്ങനെ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളി യായി ബ്രിട്ടീഷ് സർക്കാരിന്റെ നോട്ടപ്പുള്ളിയായി, ഒരു വിവാദ പുരുഷനായി, ആസാദ് പൊതുരംഗത്ത് ജീവിതം ആരംഭിച്ചു.

# VI

# പത്രാധിപർ

ആസാദിന്റെ തൂലികയ്ക്ക് ഒരു പടവാളിന്റെ കരുത്ത് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ജനഹൃദയങ്ങളിൽ കോളിളക്കമുണ്ടാക്കി. ചുരുങ്ങിയ കാലത്തിനുള്ളിൽ, പത്രലോക ത്തിൽ ഒരു ശക്തിയായിത്തീരാൻ ആസാദിന് കഴിഞ്ഞു.

കൌമാരപ്രായത്തിൽത്തന്നെ, ആസാദ് പത്രാധിപരായിരു ന്നിട്ടുണ്ട്; കനപ്പെട്ട ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അസാധാരണ മായ ആ കഴിവ് കണ്ട്, തലമുതിർന്ന പലരും അത്ഭുതപ്പെട്ടു പോയിരുന്നു.

ആസാദിന് അന്ന് പതിനാല് വയസ്സായിരുന്നു. 'ലിസാൻ—അസ്-സിദ്ദിക്' (LISANUS-SIDIQ) എന്നപേരിൽ ഒരു ആഴ്ചപ്പതിപ്പ് തുടങ്ങി. പത്രാധിപരുടെ പ്രായം വായന ക്കാർക്ക് അറിഞ്ഞുകൂടായിരുന്നു.

'ലിസാൻ—അസ്—സിദ്ദിക്'' ശ്രദ്ധേയമായ ഒരു പ്രസിദ്ധീകരണമായി മാറി. അതിലൂടെ. തനിക്ക് ശരിയെന്നു തോന്നുന്ന അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയാൻ, ആസാദ് മടികാണിച്ചില്ല. സുപ്രസിദ്ധരായ ഉറുദുസാഹിത്യകാരന്മാരുടെ കൃതികളെ വിമർശിച്ചുകൊണ്ടു ആസാദെഴുതിയ ലേഖനങ്ങൾ, പരക്കെ ശ്രദ്ധിക്കപ്പെട്ടു. ചുരുങ്ങിയകാലത്തിനുള്ളിൽ, ലിസാൻ അസ്—സിദ്ദിക്കിന്റെ പത്രാധിപർ മഹാപണ്ഡിതനായി അംഗീകരിക്കപ്പെട്ടു. പത്രാധിപരുടെ പ്രായം മനസ്സിലാക്കിയവർ അത്ഭുതപ്പെട്ടു; ചിലരൊക്കെ തെററിദ്ധരിച്ചു.

പ്രായവും പാണ്ഡിത്യവും തമ്മിലുള്ള പൊരുത്തമില്ലായ്മ, വായനക്കാരുടെ ലോകത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കി. അക്കാലത്ത് ഇതിനെച്ചൊല്ലി ആസാദിന്റെ ജീവിതത്തിൽ, രസകരമായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.

ലാഹോറിൽ അഞ്ജുമൻ – ഇ – ഹിമായത്തെ ഇസ്ലാം (Anjman - I - Himayate Islam) (Society for defence of Islam) എന്നൊരു സംഘടന ഉണ്ടായിരുന്നു. ക്രി.വ. 1904. ആ തവണ അവരുടെ വാർഷികാഘോഷച്ചടങ്ങിൽ, ലിസാൻഅസിന്റെ പത്രാധിപർ മുഖ്യാതിഥിയായിരുന്നു. സംഘാടകന്മാർ പത്രാധിപരെ നേരിട്ടു കണ്ടിരുന്നില്ല. ലിസാൻ അസിന്റെ പത്രാധിപരല്ലേ? അഗാധപണ്ഡിതനാണെന്ന് എല്ലാവർക്കും അറിയാം. സദസ്യർ ആകാംക്ഷയോടെ കാത്തിരുന്നു. അക്കൂട്ടത്തിൽ ഉറുദുകവികളായ ആലി, ഇക്ബാൽ,ഗദ്യകാരനായ നിസാർ അഹമ്മദ് എന്നിവരും ഉണ്ടായിരുന്നു.

വാർഷികാഘോഷപരിപാടി ആരംഭിച്ചു കഴിഞ്ഞിരുന്നു. അതിനിടയിലാണ് മീശമുളയ്ക്കാത്ത ഒരു ചെറുപ്പക്കാരൻ വേദിയിലേക്ക് കയറാൻ ശ്രമിച്ചത്. ഭാരവാഹികൾ അവനെ തടഞ്ഞുനിർത്തി. ഭാഗ്യത്തിന് ആരോ ആസാദിനെ തിരിച്ചറിഞ്ഞു. ഭാരവാഹികൾ അദ്ദേഹത്തോട് മാപ്പു പറഞ്ഞു. ഒന്നുംസംഭവിക്കാത്തമട്ടിൽ പുഞ്ചിരിയോടെ ആസാദ് വേദിയിലേക്ക് കയറി.

സദസ്യർ അത്ഭുതപ്പെട്ടു പോയി: ഇതോ? ഇതാണോ

അബ്ദുൾകലാംആസാദ് ? ഇത്ര ചെറുപ്പമോ? സ്വപ്നത്തിൽ പ്പോലും അവർ അങ്ങനെ കരുതിയിരുന്നില്ല.

ആലി, ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അഹമ്മദ്ഖാന്റെ ജീവചരിത്രം 'ഹ്യാത്തുജാദവേദ്'. അതിനെ ആസാദ് നിശിതമായി വിമർശിച്ചു കൊണ്ടു ലേഖനമെഴുതുകയുണ്ടായി. അതു മുതൽ ആലി, ആ ലേഖകനെ കാണാൻ കൊതിച്ചിരിക്കുകയായിരുന്നു. അന്ന് ആ വേദിയിൽ കണ്ടുമുട്ടി. എഴുത്തിൽ പ്രകടമാവുന്ന പാണ്ഡിത്യമെവിടെ? ഈ പ്രായമെവിടെ? ആലി അത്ഭുതവും ആദരവും പ്രകടിപ്പിച്ചു! 'ഇളം ചുമലിൽ ഒരുവൃദ്ധന്റെ തല'. ആ അഭിനന്ദനം ആസാദ് തല കുനിച്ച് സ്വീകരിച്ചു.

നരേങ്-ആലം എന്നപേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. വാസ്തവത്തിൽ അതിലൂടെയാണ് ആസാദ് പത്രപ്രവർത്തനം ആരംഭിച്ചത്. ഉറുദുകവിതകൾ മാത്രമേ അതിൽ പ്രസിദ്ധീകരിച്ചിരുന്നുള്ളൂ. ഈ പ്രസിദ്ധീകരണത്തിലൂടെ നിരവധി യുവകവികളെ പ്രോത്സാഹിപ്പിക്കുവാൻ ആസാദിന് കഴിഞ്ഞു. അദ്ദേഹവും ധാരാളം കവിതകൾ ഇതിൽത്തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അക്കാലത്തു നടത്തിവന്ന 'മുശായിര' കളിൽ ആസാദും പങ്കെടുക്കാറുണ്ടായിരുന്നു. ആ സദസ്സുകളിൽ വായിച്ച കവിതകൾ അദ്ദേഹത്തിന്റെ സർഗ്ഗ ശക്തിയുടെ മികച്ച പ്രകടനങ്ങളായിരുന്നു. കുട്ടിത്തം വിടാത്ത പ്രായത്തിൽ ഇത്ര നല്ല കവിതകളെഴുതുകയോ? മുതിർന്നവരാരോ എഴുതിക്കൊടുത്തതാവും. ചിലരെങ്കിലും അങ്ങനെ കരുതാതിരുന്നില്ല. ഒരു പ്രസിദ്ധ പണ്ഡിതൻ ഇക്കാര്യത്തിൽ ആസാദിനെ പരീക്ഷിച്ചു വിഡ്ഢിയാവുക തന്നെ ചെയ്തു.

മൗലാനാ ശിബിലി പ്രസിദ്ധ അറബി പണ്ഡിതനായിരുന്നു. ആസാദും ശിബിലിയും തമ്മിൽ, പത്ര പംക്തിയിലൂടെ ദീർഘമായ വാദപ്രതിവാദംനടന്നു. അവർതമ്മിൽ നേരിട്ട് പരിചയപ്പെട്ടിരുന്നില്ല. എങ്കിലും തന്റെ എതിരാളി അസാമാന്യബുദ്ധിശാലിയാണെന്ന് ശിബിലി മനസ്സിലാക്കി.

തൻെറ ചില സംശയങ്ങൾക്ക് നിവാരണമുണ്ടാവണം. അതിന് ആസാദിനെ നേരിട്ടു കാണണം. ശിബിലി, തൻെറ ആഗ്രഹം അറിയിച്ചു. പിന്നീടൊരിക്കൽ ആസാദ് ബോംബെയിലെത്തി. ശിബിലിയെ കണ്ടുമുട്ടി.

താനാരാണെന്ന് ആദ്യം വെളിപ്പെടുത്തിയില്ല. ശിബിലി യാകട്ടെ ഏടുത്തു ചോദിച്ചതുമില്ല. ആസാദിന് അസാമാന്യ മായ കഴിവുകളുണ്ട്. ആരും ആദരിച്ചുപോവും. ശിബിലി വിസ്തരിക്കാൻ തുടങ്ങി. മൗലാനാ ആസാദിൻെറ പുത്രനായി രിക്കും സന്ദർശകൻ എന്ന് അദ്ദേഹം വിചാരിച്ചിരുന്നു. ഒടു വിൽ ആസാദുതന്നെ രഹസ്യം വെളിപ്പെടുത്തി. ശിബിലിക്ക് ഉണ്ടായ ആശ്ചര്യം പറയാനാവില്ല.

ചെറു പ്രായത്തിൽ മുതിർന്നവർക്കുള്ള കഴിവുകൾ കാട്ടുക ആസാദിൻെറ പ്രത്യേകതയായിരുന്നു !

സമാദരണീയമായ ആ പാണ്ഡിത്യം എല്ലാവരും അംഗീ കരിച്ചു. ഇന്ത്യയിലെ മുസ്ലീങ്ങൾ അദ്ദേഹത്തിന് 'മൌലാനാ' (നമ്മുടെ നേതാവ്) എന്ന ബഹുമതി നല്കി. അന്ന് ആസാദിന് ഇരുപത്തിനാലാം വയസ്സായിരുന്നു. സാധാരണ ഗതിയിൽ ഒരാൾ ക്ക് ആ ബഹുമതി കിട്ടാനർഹതയില്ലാത്ത പ്രായം. പക്ഷേ ആസാദിനെ അവഗണിക്കുവാൻ കഴിയുമായിരുന്നില്ല.

ആസാദ് പണ്ഡിതനെന്ന പോലെ, സാഹിത്യകാരനു മാണ്. അദ്ദേഹത്തിൻെറ സൃഷ്ടികൾ, ആ കാലഘട്ടത്തിലെ രജത രേഖകളാണ്. മഹാകവി ഇക്ബാൽ, ഹസറത്ത്, സാക്കീർ ഹുസൈൻ തുടങ്ങിയ മഹാൻമാർ പോലും, ആസാദിൽനിന്ന് പ്രചോദനമുൾക്കൊണ്ടിട്ടുണ്ട്.

പ്രസിഡണ്ട് സാക്കീർ ഹുസൈൻ ഒരു ഓർമ്മക്കുറിപ്പിൽ രേഖപ്പെടുത്തി.

'ചെറുപ്പത്തിൽ അസ്തിത്വത്തിന് ഒരു ഭൗതിക ദീപം വേണം എല്ലാവർക്കും. എനിക്കുവേണ്ടി, ആസാദിൻെറ വിളക്കിൽ നിന്നാണ് ഞാൻ ആദ്യത്തെ തിരികൊളുത്തിയെടുത്തത്''.

കാലത്തെ അതിജീവിക്കുന്ന കൃതികളിലൂടെ, ആസാദിന്റെ പ്രസിദ്ധി നിലനില്ക്കുമായിരുന്നു. എന്നാൽ ആ തുറയിൽമാത്രം ജീവിതം ഒതുക്കിനിർത്താൻ, അദ്ദേഹം തയ്യാറായില്ല.

# VII

## അൽ-ഹിലാൽ

നിരവധി മഹാസംഭവങ്ങൾ നിറഞ്ഞ കാലഘട്ടം. ബ്രിട്ടീഷുകാരുടെ പെരുമാററം കർക്കശമായിരുന്നു. സർക്കാരിനെതിരായി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം സജീവമായിക്കൊണ്ടിരുന്നു.

ഇന്ത്യയുടെ മോചനം മുഴുവൻ മുസ്ലിം ലോകത്തിന്റെയും പുരോഗതിക്ക് ആവശ്യമാണ്. അതിനാൽ നമ്മുടെ ദേശീയ സമരം അതിപ്രധാനമാണ്. എല്ലാവരും സജീവമായി അതിൽ പങ്കെടുക്കണം. അതായിരുന്നു ആസാദിന്റെ ആഹ്വാനം. തന്റെ ലക്ഷ്യം നിറവേറണമെങ്കിൽ, ഒരു പത്രം അത്യാവശ്യമാണ്. അതിനുവേണ്ടിയായി ആസാദിന്റെ അടുത്ത ശ്രമം.

അക്കാലത്ത് പഞ്ചാബിൽനിന്നും, ഉത്തർപ്രദേശിൽനിന്നും ധാരാളം പത്രങ്ങൾ പ്രസിദ്ധീകരിച്ചുവന്നു. പക്ഷേ അവയുടെ കെട്ടും, മട്ടും, ഉള്ളടക്കവും നിർജ്ജീവങ്ങളായിരുന്നു. അതിൽനിന്നൊക്കെ വ്യത്യസ്തമായ ഒരു പത്രം വേണം. ഉന്നതമായ നിലവാരമുണ്ടാവണം. ആസാദ് ആഗ്രഹിച്ചു.

1912–ൽ അൽ–ഹിലാൽ എന്ന പേരിൽ ഒരു പ്രസ്സ് സ്ഥാപിച്ചു. അതോടൊപ്പം അൽ–ഹിലാൽ ആഴ്ചപ്പതിപ്പും ആരംഭിച്ചു.

അൽ–ഹിലാലിൻെറ അരങ്ങേററം, ഉറുദു പത്രലോകത്തിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചു; ആസാദ് കരുത്തനായ ഒരു പത്രാധിപരാണെന്നു തെളിയിച്ചു. മതം, സാമൂഹികസേവനം, രാഷ്ട്രീയം, വിദ്യാഭ്യാസം–അങ്ങനെ എല്ലാതുറകളിലും പരിവർത്തനങ്ങൾ ഉണ്ടാക്കാൻ അൽ- ഹി ലാലിന്നു കഴിഞ്ഞു.

ആ പത്രാധിപരുടെ ഭാഷ അനുഗൃഹീതമായിരുന്നു. കാലഘട്ടത്തിൻെറ വിപ്ലവചേതന തികച്ചും ഉൾക്കൊള്ളുന്ന ഗദ്യശൈലി സ്വായത്തമായിരുന്നു. ആസാദിൻെറ ലേഖനങ്ങളിൽ സ്വാതന്ത്ര്യമോഹവും, സത്യത്തിലുള്ള അഭിനിവേശവും, കരുത്തും നിറഞ്ഞു നിന്നു.

ബങ്കാളിൽ നിന്നു ഉത്തരപ്രദേശിലേക്കും, ബീഹാറിലേക്കും അൽ–ഹിലാലിൻെറ പ്രചാരം വ്യാപിച്ചു. ജനങ്ങളുടെ സ്വീകരണം അത്ഭുതാവഹമായിരുന്നു. അൽ–ഹിലാലിന്നു മൂന്നു മാസം പ്രായം. അതുവരെ പ്രസിദ്ധീകരിച്ച കോപ്പികൾ മുഴുവൻ വീണ്ടും അച്ചടിക്കേണ്ടിവന്നു. വായനക്കാർ പ്രകടിപ്പിച്ച ആവേശത്തിനു വേറെ തെളിവ് വേണ്ടല്ലോ. കാലക്രമത്തിൽ ഇരുപതിനായിരത്തോളം കോപ്പികൾ പ്രചരിപ്പിക്കാൻ കഴിഞ്ഞു.

വൈകാരികമായ ഒരു അടിത്തറവേണം; എന്നാൽ ഇന്ത്യയിലെ മുസൽമാന്മാരെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെടുത്താം. അൽ–ഹിലാൽ ആ വഴിയിലൂടെ സഞ്ചരിച്ചു. മതത്തിൻെറ പരിശുദ്ധി നിലനിർത്തിക്കൊണ്ട് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുവാൻ കഴിയുമെന്ന് അൽ–ഹിലാൽ പ്രചരണം നടത്തി.

ഇന്ത്യൻ പത്രപ്രവർത്തനത്തിൻെറ ഒരു സുവർണ്ണകാലഘട്ട

മായിരുന്നു അത്. തിലകൻ, ബിപിൻപാൽ, അരവിന്ദഘോഷ് മുതലായവർ അതിശക്തമായ രീതിയിൽ, പത്രങ്ങളിൽ എഴുതിക്കൊണ്ടിരുന്നു. കൂട്ടത്തിൽ ആസാദും ചേർന്നപ്പോൾ, അവർ അവഗണിക്കാൻ വയ്യാത്ത ഒരു ശക്തിയായിത്തീർന്നു.

ആധുനിക യൂറോപ്യൻ ഭാഷകളിൽ വേണ്ടത്ര പിടിയില്ല. സാധാരണഗതിയിൽ സമകാലിക രാഷ്ട്രീയ പ്രശ്നങ്ങൾ പഠിക്കുവാൻ ഇതൊരു തടസ്സം തന്നെയാണ്. പക്ഷേ ആസാദിന് അതൊരു പ്രശ്നമായില്ല. ദേശീയവും, സാർവദേശീയവുമായ എല്ലാ സംഗതികളിലും വേണ്ടത്ര അവഗാഹം നേടി. മററ് ആരേക്കാളും നന്നായി അവ കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുകണ്ട് ബുദ്ധിജീവികളിൽ പലരും അത്ഭുതപ്പെട്ടു: എന്തൊരുകഴിവ്!

ആസാദിൻെറ പത്രം ഗവർമ്മണ്ടിന് ഒരു തലവേദനയായി. പല പ്രലോഭനങ്ങളിലൂടെ, ഒരു വിഭാഗം ആളുകളെ തങ്ങളോടൊപ്പം നിർത്തിയതായിരുന്നു. ആസാദിൻെറ പ്രവർത്തനംകൊണ്ട്, അവർ വഴുതിപ്പോവുകയാണ്. അൽ–ഹിലാൽ– ആ ജനവിഭാഗങ്ങളിൽ കോളിളക്കമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതൊരു ആപത്തു തന്നെയാണ്. ഗവർമ്മണ്ട് ചുഴിഞ്ഞാലോചിച്ചു. ആസാദിനെ നിലയ്ക്ക് നിർത്തണം. അൽ–ഹിലാലിൻെറ പ്രവർത്തനം അവസാനിപ്പിക്കണം. അതായി ആലോചന. അൽ–ഹിലാൽ പ്രസിദ്ധീകരിക്കണമെങ്കിൽ, വമ്പിച്ച തുക ജാമ്യമായി കെട്ടിവയ്ക്കണമെന്ന് ഗവർമ്മണ്ട് ആവശ്യപ്പെട്ടു. അത്രവലിയ തുക ഉണ്ടാക്കാനാവുകയില്ല അപ്പോൾ പത്രംനില്ക്കും അതായിരുന്നു ഗവർമ്മണ്ടിൻെറ വിചാരം. പക്ഷേ ആസാദ് പരാജയപ്പെട്ടില്ല. ആവശ്യപ്പെട്ടപ്പോഴൊക്കെ ജാമ്യസംഖ്യ കെട്ടിവച്ചു. എന്നാൽ അങ്ങനെ ചെയ്യാൻ വളരെ ക്ലേശിക്കേണ്ടിവന്നിരുന്നു. ഗവർമ്മണ്ടിനും വാശികൂടി. 1915–ൽ അവർ അൽ-ഹിലാൽ പ്രസ്സ് കണ്ടുകെട്ടി.

ആസാദ് ഒട്ടും പതറിയില്ല. തൻെറ പത്രപ്രവർത്തനം അവസാനിപ്പിക്കാനും തയ്യാറായില്ല. 'അൽ–ബലാജ്'' എന്ന

പേരിൽ വേറൊരു ആഴ്ചപ്പതിപ്പ് ആരംഭിച്ചു. അൽ-ബലാജ് കുറെക്കൂടി കനപ്പെട്ട പ്രസിദ്ധീകരണമായിരുന്നു.

ഗവർമ്മണ്ടിന് ശുണ്ഠികയറി ആസാദിനെ മുട്ടുകുത്തിക്കാൻ തക്കം പാർത്തുനിന്നു.

ഇതിനിടെ, യാഥാസ്ഥിതികരായ ഒരു വിഭാഗം മുസൽമാന്മാർ ആസാദിനെ എതിർക്കാൻ തുടങ്ങിയിരുന്നു. അദ്ദേഹത്തിൻെറ പുരോഗമനാശയങ്ങൾ, തങ്ങളുടെ താത്പര്യത്തിന് എതിരാണ്. തങ്ങളുടെ നേതൃത്വം തകർന്നുപോവും. അതുകൊണ്ട് അൽ-ഹിലാലിൻെറ പ്രചാരം കുറയ്ക്കണം. അതിനുവേണ്ടി, തങ്ങളാലാവുന്നതൊക്കെ അവരും ചെയ്തു. അൽ-ഹിലാൽ പത്രാധിപരെ വധിച്ചുകളയുമെന്ന് പോലും അവർ ഭീഷണിമുഴക്കി. അതിൻെറ പിന്നിലും സർക്കാരുണ്ടായിരുന്നു.

ഗവർമ്മണ്ടിൻെറ ക്ഷമനശിച്ചു തുടങ്ങിയിരുന്നു. ആസാദിനെ സ്വാതന്ത്രമായി പ്രവർത്തിക്കാൻ വിട്ടുകൂടാ; തടവിലാക്കണം. അതിനുവേണ്ട കാരണങ്ങൾ പരതാൻതുടങ്ങി ഭീകരവിപ്ലവകാരികളുമായി ബന്ധമുണ്ട്; വിദ്ധ്വംസകപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. സർവ്വോപരി അപകടകരങ്ങളായ ലേഖനങ്ങളിലൂടെ ജനങ്ങളെ തെററായ വഴിക്ക് നയിക്കുന്നുണ്ട്. ഗവർമ്മണ്ട് ആവിധത്തിൽ പല ആരോപണങ്ങളും കൊണ്ടു വന്നു. എതിർത്തതുകൊണ്ട് ഫലമില്ലെന്ന് ആസാദിന് അറിയാമായിരുന്നു.

1916–ൽ ബങ്കാൾ സംസ്ഥാനത്തിൽ നിന്ന് ആസാദിനെ പുറത്താക്കി. പിന്നീട് ബീഹാറിൽ വച്ച് അദ്ദേഹത്തെ അറസ്ററു ചെയ്തു.

1920 വരെ ആസാദ്, ബീഹാറിലെ റാഞ്ചി ജയിലിൽ തടവുകാരനായിക്കഴിഞ്ഞു.

# VIII

## മതചിന്തകൻ

മതപണ്ഡിതന്മാരുടെയും ആചാര്യന്മാരുടെയും ഒരു പരമ്പരയായിരുന്നു ആ കുടുംബം. താനും ഒരു മതാചാര്യനാണ്, തൻെറ മകനും ഒരു ആചാര്യനായിത്തീരണം. അതായിരുന്നു ആസാദിൻെറ പിതാവ് ആഗ്രഹിച്ചത്.

പക്ഷേ വിധിവിഹിതം മററൊന്നായിരുന്നു. പിതാവിൻെറ ആഗ്രഹം നടന്നില്ല. പ്രഗല്ഭനായ പണ്ഡിതൻ; സാഹിത്യകാരൻ; ഭരണാധികാരി ഈ നിലകളിലെല്ലാമാണ് ആസാദ് പ്രസിദ്ധനായിത്തീർന്നത്.

എന്നാൽ ഒരു മതാചാര്യൻെറ സ്വഭാവം അദ്ദേഹത്തിൽ ഒളിഞ്ഞുകിടന്നിരുന്നു. ഏതു പ്രവൃത്തിയിലും ആ പ്രത്യേകത സ്വാധീനം ചെലുത്തിവന്നു.

മതകാര്യങ്ങളിൽ പിതാവ് യാഥാസ്ഥിതികനായിരുന്നുവെന്ന് പറഞ്ഞല്ലോ. ആസാദാകട്ടെ മതവിശ്വാസത്തിൽ ഒട്ടും പിറകിലായിരുന്നില്ല. എന്നാൽ ആചാരാനുഷ്ഠാനങ്ങൾ മാററമില്ലാതെ നിലനിർത്തണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ആവശ്യമുള്ള തരത്തിൽ പരിഷ്കരിക്കണം. അതായിരുന്നു ആസാദിൻെറ അഭിപ്രായം. ദേശീയ പ്രവർത്തനങ്ങളുടെ മുമ്പിൽ, മതവിശ്വാസം വിലങ്ങുതടിയായി നില്ക്കുന്നതും, രാഷ്ട്രീയ പ്രവർത്തനങ്ങൾ മതവിശ്വാസത്തെ അപകടപ്പെടുത്തുന്നതും, അദ്ദേഹം ഒരുപോലെ ഇഷ്ടപ്പെട്ടില്ല.

1931–ൽ അദ്ദേഹം പരിശുദ്ധ ഖുറാൻെറ പരിഭാഷ, വ്യാഖ്യാനസഹിതം പ്രസിദ്ധീകരിച്ചു. 'തർജ്ജിമാൻ–ഉൽ–ഖുറാൻ, സാഹിത്യപരമായി ഉന്നത നിലവാരം പുലർത്തുന്ന ഒരു ഉത്തമഗ്രന്ഥമാണ്. മതപരമായ പുതിയ വീക്ഷണം; മാനുഷിക മൂല്യങ്ങളിൽ ഊന്നിനില്ക്കുന്ന വ്യാഖ്യാനരീതി; മഹത്ത്വവും വൈവിധ്യവുമുള്ള ശൈലി. അങ്ങനെ ഉന്നതനിലവാരം പുലർത്തുന്ന ഒരു സാഹിത്യശിൽപം! ഈ കൃതി, ഉറുദുസാഹിത്യത്തിന് ഒരു മുതൽക്കൂട്ടുതന്നെയാണ്.

ഗ്രന്ഥാരംഭത്തിൽ ഖുറാൻെറ ആദ്യത്തെ 'സൂറ' യുടെവ്യാഖ്യാനമാണ്. ഈ ഭാഗം അതിവിശിഷ്ടമാണെന്നത്രേ വിമർശക മതം. പരിശുദ്ധ ഖുറാൻെറ സത്ത മുഴുവൻ ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നതാണ് ഇതിൻെറ പ്രത്യേകത.

—ഒരേ ദൈവത്തിൻെറ സന്തതികളാണ് എല്ലാവരും; സർവ്വശക്തനായ അവൻ നമ്മെ കാത്തു രക്ഷിക്കുന്നു.

ഖുറാൻ വിളംബരം ചെയ്യുന്ന ഈ തത്വം ഗ്രഹിച്ചാൽ മതി മനുഷ്യൻ കൃത്രിമമായി സൃഷ്ടിച്ച ഭിന്നതകൾ ഇല്ലാതാക്കാം.

— —''അവൻ ഏകനത്രേ; അവൻെറ കാരുണ്യം ലോകമാകമാനം പ്രസരിക്കുന്നു. അത് അളവില്ലാത്തതാകുന്നു.''

''അവനിൽ വിശ്വാസമർപ്പിച്ച് പ്രവർത്തിക്കുന്ന അവർ ജാതിമതവർഗ്ഗ ചിന്തകൾക്ക് അതീതരാവും. മാനവസമൂഹത്തിൻെറ, പരസ്പരം ഇണങ്ങിനില്ക്കുന്ന കണ്ണികളാവും.

ഖുറാൻെറ സന്ദേശമാണിത്. ആസാദിൻെറ സ്വഭാവ രൂപീകരണത്തിൽ ഈ തത്വങ്ങളുടെ സ്വാധീനം കാണാം. ഹിന്ദുമുസ്ലിംമൈത്രിക്കുവേണ്ടി കൈയ്യും മെയ്യും മറന്നു പ്രവർത്തിക്കുവാൻ ആസാദിന് മാർഗദർശനം നൽകിയത് ഈ ആർജ്ജിത സംസ്കാരമായിരിക്കണം. പോരെങ്കിൽ പിതാവിൻെറ മാതൃകയും മുമ്പിലുണ്ട്. അദ്ദേഹം ഹിന്ദുക്കളെയും, മുസ്ലിങ്ങളെയും ശിഷ്യന്മാരായി സ്വീകരിച്ചിരുന്നു.

1923–ൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ ആസാദ് പ്രഖ്യാപിച്ചു.

— ആകാശത്തിൽനിന്ന് ഒരു മാലാഖ ഇറങ്ങിവന്ന് ദില്ലിയിലെ കുത്തബ്മീനാറിൽകയറിനിന്നു പ്രഖ്യാപിക്കുന്നുവെന്ന് വിചാരിക്കുക; ഹിന്ദു മുസ്ലിം മൈത്രി ഉപേക്ഷിച്ചാൽ ഇന്ത്യക്ക് സ്വാതന്ത്ര്യം നല്കാം; അങ്ങനെ വന്നാൽ നിസ്സംശയം ഞാൻ സ്വരാജ് ഉപേക്ഷിക്കും. സ്വാതന്ത്ര്യലബ്ധി അല്പം താമസിച്ചു പോയാൽ ഇന്ത്യക്ക് അതൊരു നഷ്ടമായേക്കാം. പക്ഷേ ഹിന്ദു മുസ്ലിം മൈത്രി തകർന്നാൽ മാനവരാശിക്ക് മുഴുവനുമാണ് നഷ്ടമുണ്ടാവുക.

ഇന്ത്യക്ക് അധികം ''ആസാദ്'' മാരുണ്ടായില്ല. പില്ക്കാലത്ത് ഇന്ത്യ വിഭജിക്കപ്പെട്ടു. വിഭജനത്തിന്റെ ആ നാളുകളിൽ ആസാദ് അനുഭവിച്ച ഹൃദയവ്യഥ പറഞ്ഞറിയിക്കാവതല്ല.

ആസാദ് റാഞ്ചി ജയിലിൽ നാലു വർഷത്തോളം തടവുകാരനായിരുന്നു. അക്കാലത്താണ് ഖുറാൻ പരിഭാഷയുടെ ആദ്യത്തേ രണ്ടു ഭാഗങ്ങൾ എഴുതിത്തീർത്തത്.

പിന്നീടൊരിക്കൽ പോലീസ്, ആസാദിന്റെ വീടു പരിശോധിച്ച് പല രേഖകളും എടുത്തുകൊണ്ടുപോയി. കൂട്ടത്തിൽ ഖുറാൻ പരിഭാഷയുടെ കൈയ്യെഴുത്തു പ്രതിയും പെട്ടിരുന്നു. പോലീസുകാർക്ക് അതിന്റെ വൈശിഷ്ട്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. പല പേജുകളും അവർ കത്തിച്ചു കളഞ്ഞു. പിന്നീട് ആസാദും ഗവർമ്മണ്ടും തമ്മിൽ എഴുത്തുകുത്തുകൾ നടന്നു. നശിച്ചു പോകാതെ ശേഷിച്ച ഭാഗങ്ങൾ, ബീഹാർ ഗവർമ്മണ്ട് തിരിച്ചു കൊടുത്തു. ഫ്രഞ്ച് വിപ്ളവത്തെക്കുറിച്ചെഴുതിയ കാർലൈലിനും ഇതുപോലൊരു അനുഭവം ഉണ്ടായിരുന്നുവത്രേ. ആസാദ് ആ പരിഭാഷ പുതുക്കി എഴുതിപ്പൂർത്തിയാക്കി.

ജയിലിൽ വച്ചു് അക്കാലത്തു തന്നെ 'താദ്ഖിര' 'ആസാദിന്റെ കഥ' എന്നീകൃതികളും, അദ്ദേഹം രചിച്ചിട്ടുണ്ട്.

(ആസാദ് പറഞ്ഞു കൊടുത്തതിൻെറ വെളിച്ചത്തിൽ,ഒരു സുഹൃ ത്താണ് ആസാദിൻെറ 'കഥ' എഴുതിയത്.)

മതപഠനം ഒരു ജീവിതവ്രതം തന്നെയായിരുന്നു ആസാദിന്. മതത്തിൻെറ അനുശാസനകൾക്കൊത്ത് ജീവിക്കുന്ന തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

ആസാദിൻെറ പിതാവ് മതാചാര്യനായിരുന്നുവല്ലോ. അദ്ദേഹത്തിൻെറ മരണശേഷം, ശിഷ്യൻമാർ ഒന്നിച്ചുകൂടി മകനെ തങ്ങളുടെ ആചാര്യനായി വാഴിക്കാൻ തീരുമാനിച്ചു. പക്ഷേ അവർ കെഞ്ചിയപേക്ഷിച്ചിട്ടും ആ സ്ഥാനം സ്വീക രിക്കാൻ ആസാദ് തയാറായില്ല.

സൂക്ഷിച്ചു കൈകാര്യം ചെയ്യണം അല്ലെങ്കിൽ മതം അപകടകരമായ ഒരു ആശയമായിത്തീരും. ആസാദ് എപ്പോഴും പറയാറുണ്ട്. വിവരമില്ലാത്ത ഒരു കാളവണ്ടിക്കാരൻ അശ്രദ്ധ നായതുമൂലം വണ്ടിമറിയുന്നുവെന്ന് വയ്ക്കുക; വണ്ടിക്കാര നും ഏറിയാൽ രണ്ടോ മൂന്നോ ആളുകൾക്കും അപകടമുണ്ടായേ ക്കും. എന്നാൽ ഒരു തീവണ്ടിയുടെ ഡ്രൈവർ അശ്രദ്ധനായാ ലോ? നിരവധി പേർ അപകടത്തിലാവും. അതുകൊണ്ട് മത കാര്യം നോക്കുന്നവർ വിവേകശാലികളായിരിക്കണം. അല്ലെ ങ്കിൽ വലിയ അപകടമുണ്ടാവും. ആസാദ് ഉപദേശിക്കാ റുണ്ട്.

# IX

## മഹദ്സംഗമം

വിപ്ളവകാരിയായ ഒരു പത്രാധിപരുടെ നിലയ്ക്കാണ് ആസാദിന്റെ രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ, ബഹുജനങ്ങളെ കൊണ്ടുവരാനാണ് അദ്ദേഹം യത്നിച്ചത്. അൽ—ഹിലാലും, അൽ–ബലാജും ആ ദൗത്യം നിർവ്വഹിച്ചു. തൽഫലമായി അദ്ദേഹം തടവിലാക്കപ്പെട്ടതു നേരത്തെ പറഞ്ഞുവല്ലൊ.

ആസാദു റാഞ്ചിജയിലിൽ കിടക്കുന്ന കാലത്താണ് മഹാത്മാഗാന്ധി തെക്കെആഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തി ഇന്ത്യൻരാഷ്ട്രീയരംഗത്ത് പ്രവർത്തനം തുടങ്ങിയത്.

മഹാത്മജി ആസാദിനെ നേരിട്ടുകണ്ടിരുന്നില്ല. പക്ഷേ ധാരാളം കേട്ടിരുന്നു. കഴിവുകരം മനസ്സിലാക്കീട്ടുമുണ്ട്. അദ്ദേഹം പര്യടനത്തിനിടയിൽ റാഞ്ചിയിലുമെത്തി. ജയിലിൽ ചെന്ന് ആസാദിനെക്കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു എന്നാൽ അധികൃതന്മാർ അതിനനുവദിച്ചില്ല ആസാദ് ബന്ധനമുക്തനായതിനുശേഷമേ, ആ മഹാത്മാക്കളുടെ കൂടിക്കാഴ്ച സാധിച്ചുള്ളൂ.

ദില്ലിയിൽ ഒരു സമ്മേളനരംഗത്തു വച്ചാണ് ആസാദ് മഹാത്മാഗാന്ധിയെ ആദ്യമായി കാണുന്നത്. അതൊരു ഖിലാഫത്ത് സമ്മേളനമായിരുന്നു. ഹിന്ദുക്കളും മുസൽമാന്മാരുമായ

നേതാക്കഠം അവിടെ ഒത്തുകൂടി. അവർ ഖിലാഫത്തിനെക്കുറിച്ചും തുർക്കിയുടെ ഭാവിയെക്കുറിച്ചും ചർച്ച ചെയ്തു. ഇക്കാര്യം വൈസ്രോയിയെ കണ്ടു സംസാരിക്കാൻ ഒരു നിവേദക സംഘ ത്തെ ചുമതലപ്പെടുത്തി. അവർ വൈസ്രോയിയെ കണ്ടെങ്കിലും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. തനിക്ക് സ്വന്തമായൊന്നും ചെയ്യാനാവില്ലെന്ന് അദ്ദേഹം കൈമലർത്തിക്കളഞ്ഞു.

അവർ വീണ്ടും യോഗംചേർന്നു. നിവേദനങ്ങളുടെ കാലം കഴിഞ്ഞു. ബ്രിട്ടീഷുകാരുമായി നിസ്സഹകരിക്കുക. എല്ലാ രംഗങ്ങളിലും നിസ്സഹകരണം വ്യാപിപ്പിക്കുക. അതാ യിരുന്നു ഗാന്ധിജിയുടെ നിർദ്ദേശം. ആസാദ് സർവാ ത്മനാ ഈ നിർദ്ദേശം പിന്താങ്ങി. അതിൻെറ സാദ്ധ്യതകഠം വിശദീകരിച്ചു കൊണ്ട് സംസാരിയ്ക്കുകയും ചെയ്തു. ഇതു ഗാന്ധിജിയെ വളരെ സന്തുഷ്ടനാക്കി. തന്നെ എളുപ്പം മനസ്സിലാക്കുന്ന ഒരു ബുദ്ധിജീവിയാണ് ആസാദ് എന്നദ്ദേഹ ത്തിന് ബോദ്ധ്യമായി. അന്നുമുതൽ അവർ തമ്മിലുള്ള മൈത്രീ ബന്ധം സുദൃഢമായി, 1948—ൽ ഗാന്ധിജിയുടെ മരണംവരെ അത് തുടരുകയും ചെയ്തു. വിഭിന്നമതാനുയായികളായിരു ന്നുവെങ്കിലും രണ്ടുപേരുടെയും ജീവിതം സത്യാന്വേഷണമായി രുന്നുവല്ലൊ. ഇന്ത്യൻ രാഷ്ട്രീയത്തിൽ മഹത്തായ പല നേട്ട ങ്ങളുമുണ്ടാക്കുവാൻ, ആ മൈത്രീബന്ധം ഉപകരിച്ചിട്ടുണ്ട്.

അതുമുതൽ ആസാദിൻെറ രാഷ്ട്രീയപ്രവർത്തനം കൂടു തൽ വ്യാപകമായ മേഖലകളിലേയ്ക്ക് കടന്നു. ഇന്ത്യൻനേഷനൽ കോൺഗ്രസ്സുമായി അദ്ദേഹം ബന്ധപ്പെട്ടതും ഇക്കാലത്തു തന്നെയാണ്

രാഷ്ട്രീയത്തിൽ മാത്രം താത്പര്യമുള്ളവരും, ആ രംഗ ത്തുമാത്രം വിജയിക്കുന്നവരുമാണ് ചില നേതാക്കന്മാർ. അത്തരക്കാർക്ക് മററുതുറകളിൽ ഒന്നും ചെയ്യാനാവുകയില്ല. എന്നാൽ ആസാദിൻെറ സ്ഥിതി അതായിരുന്നില്ല. ഗാന്ധി, നെഹ്റു മുതലായവരെപ്പോലെ തന്നെ സാഹിത്യലോകത്ത് അത് ഭുതങ്ങഠം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനും കഴിയുമായി രുന്നു. പക്ഷേ, കാലത്തിൻെറ വിളികേഠക്കാതിരിയ്ക്കുന്ന

തെങ്ങനെ? ഒരു അടിമരാജ്യത്തിൽ, ആത്മാർത്ഥതയും വിവേകവുമുള്ള പൌരന് തൻകാര്യം നോക്കി അടങ്ങിയിരിക്കാൻ കഴിയുകയില്ല. രാഷ്ട്രീയമായ നേട്ടങ്ങളുടെ പരിഗണനയല്ല നീതിയും രാജ്യസ്നേഹവുമാണ് അവരെ മുന്നോട്ട് നയിക്കുക. മറ്റെല്ലാം മറന്ന് സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിയിൽ ആസാദും പ്രവർത്തിച്ചു തുടങ്ങി.

ഖിലാഫത്ത് പ്രസ്ഥാനം സജീവമായിക്കഴിഞ്ഞിരുന്നു. ഹക്കിം അജ്മൽഖാൻ, ഡോ: അൻസാരി, ആലി സഹോദരന്മാർ ആസാദ് മുതലായവർ, ഗാന്ധിജിയോടൊപ്പം മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചു. അവർ രാജ്യത്ത് ഉടനീളം സഞ്ചരിച്ച് പ്രചരണം തുടങ്ങി.

സമരപരിപാടികൾ ആവിഷ്ക്കരിക്കാൻ, ഖിലാഫത്തിൻെറ ആദ്യയോഗം മീറത്തിലാണ് ചേർന്നത്. ആസാദും അതിൽ സംബന്ധിച്ചു. അന്നാണ് നിസ്സഹകരണ പ്രസ്ഥാനം നടപ്പാക്കുവാൻ, പൊതുവേദിയിൽനിന്നും ഗാന്ധിജി ആദ്യമായി ആഹ്വാനം ചെയ്തത്.

ഖിലാഫത്തിൻെറ രണ്ടാം സമ്മേളനം കൽക്കത്തയിൽ നടന്നു. അതിൻെറ അദ്ധ്യക്ഷൻ ആസാദായിരുന്നു. ഗാന്ധിജി നിർദ്ദേശിച്ച നിസ്സഹകരണ പരിപാടി അദ്ദേഹം വിശദീകരിച്ചു. ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഏററവും അനുയോജ്യമായ മാർഗ്ഗം അതാണെന്ന് സമർത്ഥിച്ചു.

ഖിലാഫത്തും, സ്വാതന്ത്ര്യസമരവും പടർന്നുപിടിച്ചതോടുകൂടി, ബ്രിട്ടീഷ്സർക്കാരിൻെറ അടിത്തറ കുലുങ്ങിത്തുടങ്ങി. നിയമസഭകളും, കോടതികളും, വിദ്യാലയങ്ങളും ബഹിഷ്ക്കരിക്കപ്പെട്ടു. നാടെങ്ങും പ്രകടനങ്ങളും, പൊതുയോഗങ്ങളും നടന്നുകൊണ്ടിരുന്നു. നിരവധി നേതാക്കൾ കർമ്മ രംഗത്തിറങ്ങി. ആസാദും അവരുടെ മുൻപന്തിയിലുണ്ടായിരുന്നു.

നിസ്സഹകരണ സമരം മതവിരുദ്ധമാണെന്ന് ഒരു വിഭാഗം മുസ്ലീങ്ങൾ അഭിപ്രായപ്പെട്ടു. ഒരു ദേശീയപ്രസ്

ഥാനത്തെ മതപരമായി വീക്ഷിക്കരുതെന്ന് ആസാദ് വാദിച്ചു. നിസ്സഹകരണ സമരത്തിൽ മതവിരുദ്ധമായ ഒന്നുമില്ലെന്ന് സമർത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ആഹ്വാനവും, നേതൃത്വവും വലിയ ഫലം ചെയ്തു. മടിച്ചുനിന്ന പലരും സമരത്തിൻെറ മുൻപന്തിയിലേയ്ക്കു വന്നു തുടങ്ങി. സമരം വൻപിച്ചൊരു വിജയമായിത്തീർന്നതിൽ ആസാദിനും വലിയൊരു പങ്കുണ്ടായിരുന്നു.

സർക്കാർ അമ്പരന്നുപോയി. വൻതോതിൽ അറസ്ററുകഠം നടന്നു. ബങ്കാളിൽനിന്ന് ഇത്തവണ സി. ആർ. ദാസിനെയും, ആസാദിനെയുമാണ് ആദ്യമായി തടവിലാക്കിയത്. പിന്നീട് സുബാസ് ചന്ദ്രബോസിനെയും മററും അറസ്ററു ചെയ്തു.

ആലിപ്പൂർ സെൻട്രൽ ജയിലിലേക്കാണ് അവരെ കൊണ്ടുപോയത്. രാഷ്ട്രീയത്തടവുകാരെക്കൊണ്ട് ജയിൽ നിറഞ്ഞുകഴിഞ്ഞിരുന്നു. ആറു മാസത്തിനുശേഷം സി. ആർ. ദാസിനെയും മററും വിട്ടയച്ചു. പക്ഷേ ആസാദിൻെറ വിചാരണ ഒരു വർഷത്തോളം, പിന്നെയും നീണ്ടുപോയി. ഒടുവിൽ 1923-ൽ മാത്രമേ അധികൃതന്മാർ അദ്ദേഹത്തെ മോചിപ്പിച്ചുള്ളൂ.

x x x x x x x

ആസാദിൻെറ വിചാരണ നടക്കുന്ന കോടതിവാദം നടത്തുന്നതിനുപകരം, അദ്ദേഹം കോടതിയുടെമുമ്പിൽ ഒരു പ്രസ്താവന ചെയ്തു. ആ പ്രസ്താവന, ഒരു ചരിത്രരേഖയായി എന്നും നിലനിൽക്കും. അക്രമങ്ങഠംക്കും, അനീതികഠംക്കുമെതിരെ, അത് ഒരു ഗർജ്ജനമായിരുന്നു. മനുഷ്യവർഗ്ഗത്തിൻെറ മൌലികാവകാശപ്രമാണമായി, സ്വാതന്ത്ര്യ പ്രേമത്തിൻെറ രജതരേഖയായി അത് ലോകം അംഗീകരിക്കാതിരിക്കുകയില്ല.

ന്യായാധിപനെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ആരംഭിച്ചു.

''-സർവ്വശക്തനായ അല്ലാഹുവിന് സ്തുതി!

വാചികമായോ, ലിഖിതമായോ, ഇവിടെവച്ച് ഒരു പ്രസ്താവന

ചെയ്യാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ പ്രതീക്ഷകൾകൊണ്ട് ഫലമൊന്നുമില്ല. അതിനാൽ ഞങ്ങൾ ഒന്നും ആഗ്രഹിക്കുന്നില്ല. ആക്ഷേപിക്കുന്നുമില്ല. ഇതൊരു വഴിത്തിരിവാണ്; ഇതു വഴി മാത്രമേ ഞങ്ങൾക്ക് ലക്ഷ്യത്തിലെത്താനാവൂ. അതുകൊണ്ട് യാത്രനിർത്തി, ഇത്തിരി നേരം ഇവിടെ തങ്ങട്ടെ അങ്ങനെയല്ലായിരുന്നുവെങ്കിൽ ഞങ്ങൾ നേരേ തടവുമുറിയിലേക്ക് പോകുമായിരുന്നു ''

''സത്യത്തിനും, നീതിക്കുമെതിരെ ഭരണാധികാരികൾ മർദ്ദനായുധങ്ങളുപയോഗിച്ചപ്പോഴെല്ലാം, അവരുടെ ഇംഗിതത്തിനൊത്ത് നീതിപീഠങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് ചരിത്രം സാക്ഷി പറയും. യുദ്ധ രംഗങ്ങളിലെ അനീതികൾ മാററി നിർത്തിയാൽപ്പിന്നെ, ഏററവും അനീതികൾ നടക്കുന്നതു നിയമക്കോടതികളിലാണ്. പൂജനീയരായ മത പ്രവാചകന്മാർ മുതൽ, മാനവരാശിയുടെ സൌഖ്യത്തിനു വേണ്ടി യത്നിച്ച ശാസ്ത്രജ്ഞന്മാർ വരെ-പല മഹാന്മാരും, നീതിയില്ലാത്ത ഗവർമ്മണ്ടുകളുടെ കോടതികളിൽ കുററവാളികളുടെ കൂട്ടിൽ നിൽക്കേണ്ടി വന്നിട്ടുണ്ട്.

x x x x x x x x

'എന്നെ കുററവാളിയാക്കിയ രണ്ടു പ്രസംഗങ്ങളിൽ—ഇവിടെ ഉപയോഗിച്ചപോലെതന്നെ—ഒരു പക്ഷേ അതിലും കഠിനമായ വാക്കുകൾ ഞാനുപയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഞാനങ്ങനെ പ്രസംഗിക്കാറുണ്ട്. ആ രീതിയിൽ പ്രസംഗിക്കുക എൻെറ കടമയാണ്. 124A സെക്ഷൻ പ്രകാരം കുററവാളിയായി കണക്കാക്കുമെന്നതുകൊണ്ട് അങ്ങനെ ചെയ്യാതിരിക്കാൻ കഴിയില്ല. അതേ ഭാഷതന്നെ ഞാനിപ്പോഴും ഉപയോഗിക്കുന്നു. കഴിവുള്ള കാലത്തോളം ഞാനങ്ങനെ തുടരും. എന്നെങ്കിലും അങ്ങനെ കഴിയാതെ വന്നാൽ അതൊരു ശാപമായി ഞാൻ കരുതും.

''സ്വാതന്ത്ര്യം ഓരോ വ്യക്തിയുടെയും, രാഷ്ട്രത്തിൻെയും ജന്മാവകാശമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതെങ്കിലും വ്യക്തിക്കോ, ഉദ്യോഗസ്ഥമേധാവിത്വത്തിനോ, മനു

ഷ്യനെ അടിമയാക്കുവാൻ അവകാശമില്ല. എത്രസുന്ദരമായ പേരു വിളിച്ചാലും, അടിമത്തം അടിമത്തം തന്നെയാണ്. ദൈവത്തിൻെറ ഇംഗിതത്തിനെതിരേ, മനുഷ്യൻ മനുഷ്യൻെറ മേൽ അടിമത്തം അടിച്ചേൽപ്പിക്കുന്നതാണ്. അതുകൊണ്ട് ഭരിക്കാൻ യഥാർത്ഥ അവകാശമുള്ളതാണ് ഈ ഗവർമ്മെണ്ട് എന്ന് ഞാൻ അംഗീകരിക്കുന്നില്ല. എൻെറ രാജ്യത്തെ സ്വതന്ത്രമാക്കേണ്ടത് എല്ലാവിധത്തിലും പാവനമായ ഒരു കടമയായി ഞാൻ കരുതുന്നു.

X X X X

''ഞാൻ കോടതിയുടെ സമയം അധികം എടുക്കുന്നില്ല. നാമിപ്പോഠംതയാറാക്കിക്കൊണ്ടരിക്കുന്നത്ചരിത്രത്തിലെആസ്വാദ്യവും, രസകരവുമായ ഒരദ്ധ്യായമാണ്. എനിക്ക്തടവുപുള്ളിയുടെ സ്ഥാനവും, അങ്ങയ്ക്ക് ന്യായാധിപൻെറ സ്ഥാനവും കിട്ടിയിരിക്കുന്നു. എന്നാൽ ഈ പ്രവൃത്തിക്ക് നാമിരുവരുടെയും സ്ഥാനം തുല്യപ്രാധാന്യമുള്ളവയാണ്. സ്മരണീയമായിത്തീരാൻ പോകുന്ന ഈരംഗം നമുക്ക് വേഗം പൂർത്തിയാക്കാം ചരിത്രകാരൻ നമ്മെ കാത്തിരിക്കുന്നു. ഞാൻ ഈ സ്ഥാനത്തു തന്നെ വീണ്ടും വീണ്ടും നിൽക്കട്ടെ. അങ്ങ് വിധിയെഴുതിക്കൊണ്ടേ ഇരിക്കുക. ഇതിങ്ങനെ കുറെക്കാലത്തേക്ക് തുടരും. പിന്നെ മററൊരു കോടതിയുടെ കവാടം തുറക്കപ്പെടും. ദൈവത്തിൻെറ കോടതി! അവിടെ കാലം വിധിയെഴുത്തു നടത്തും: അതു അവസാന വിധിയായിരിക്കും!.

'ആദ്യവും അവസാനവും ദൈവം വാഴ്ത്തപ്പെടട്ടെ'—''

അങ്ങനെ, പ്രവാചകൻെറ സ്വരമാണെന്ന് തോന്നുമാറ് ആ പ്രസ്താവന, കോടതി മുറിയിൽ ചരിത്രം സൃഷ്ടിച്ചു

# X

# കോൺഗ്രസദ്ധ്യക്ഷൻ

അക്കൊല്ലം ഗയയിൽ വച്ചു നടന്ന കോൺഗ്രസ്സ് സമ്മേളനം ചരിത്ര പ്രധാനമായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങൾക്കിടയിൽ, കടുത്ത അഭിപ്രായവ്യത്യാസങ്ങളുണ്ടായി.

സി. ആർ. ദാസ്, മോത്തിലാൽ, ഹക്കിം അജ്മൽഖാൻ മുതലായവർ ചേർന്ന് സ്വരാജ് പാർട്ടി രൂപീകരിച്ച് പ്രവർത്തിക്കാൻതുടങ്ങി. കോൺഗ്രസ്സുകാർ, ഗവർമ്മെണ്ട് കൗൺസിലുകളിൽ പങ്കെടുക്കണമെന്നായിരുന്നു അവരുടെ വാദം. മറെറാരു വിഭാഗം ആ നിർദ്ദേശത്തെ കഠിനമായി എതിർത്തു. ആ ഘട്ടത്തിലാണ് ആസാദിൻെറ നയചാതുരി പ്രകടമായത്. രണ്ടു വിഭാഗക്കാരെയും തമ്മിൽ അടുപ്പിക്കുവാൻ. അദ്ദേഹം പരിശ്രമം തുടങ്ങി. അതിൽ വിജയിക്കുകയും ചെയ്തു.

1923-ൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ വച്ച് ഇരുവിഭാഗക്കാരും യോജിപ്പിലെത്തി. ആസാദായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. അന്നു മുപ്പത്തിയഞ്ച് വയസ് പ്രായമായിരുന്നു. അത്ര ചെറുപ്പക്കാരനായ ഒരാൾ അതുവരെ കോൺഗ്സ്സ് പ്രസിഡണ്ടായിട്ടില്ല. ആസാദിൻെറ വ്യക്തിത്വത്തിന്, ഒരംഗീകരണം തന്നെയായിരുന്നു, ആ സ്ഥാനലബ്ധി.

സ്വരാജ് പാർട്ടിക്കാർക്ക് കോൺഗ്രസ്സിൽത്തന്നെ നിൽക്കാം, കൗൺസിലുകളിൽ പ്രവേശിക്കുകയും ചെയ്യാം. ആസാദ്

എടുത്ത തീരുമാനം ഇരുകൂട്ടരേയും തൃപ്തിപ്പെടുത്തി; കോൺഗ്രസ്സിൽ ഒരു പിളർപ്പുണ്ടാവാതെ കഴിക്കാനും സാധിച്ചു.

അതിൽപിന്നെ സ്വരാജ് കക്ഷിക്കായിരുന്നു കൂടുതൽ ജനപിന്തുണ. കോൺഗ്രസ്സിലും അവർക്കായിരുന്നു പ്രാമുഖ്യം. അവർ നിയമനിർമ്മാണ സഭകളിൽ വമ്പിച്ച ഭൂരിപക്ഷം നേടി. നിയമസഭകളിലൂടെ, തങ്ങളുടെ സമരം തുടർന്നു നടത്തുകയും ചെയ്തു.

ഇതേ അവസരത്തിൽ കോൺഗ്രസ്സിനുള്ളിൽ ഇടതുപക്ഷക്കാരും, വലതുപക്ഷക്കാരും, പ്രകടമായി ചേരിതിരിഞ്ഞ് നിന്നിരുന്നു, രണ്ടഭിപ്രായക്കാരെയും ഒന്നിച്ചു കൊണ്ടുപോകുവാൻ, ആസാദിനു കഴിഞ്ഞു.

## XI

# ഉപ്പുസത്യാഗ്രഹം

ഭാരത ചരിത്രത്തിൽ വിഷമം പിടിച്ച കാലഘട്ടം. സ്വാതന്ത്ര്യസമരത്തിൻെറ മുന്നേററം. തൊഴിലാളികളും, കർഷകരും, യുവജനങ്ങളും, അഭൂതപൂർവമായ സമരാവേശം പ്രകടിപ്പിച്ചു ഇന്ത്യക്കകത്തും പുറത്തും സാമ്രാജ്യത്വവിരോധം പടർന്നുപിടിച്ചിരുന്നു. 1927 നവംബറിൽ ഇന്ത്യയുടെ ഭരണഘടനയിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ബ്രിട്ടീഷ് ഗവർമ്മണ്ട് സൈമൺ കമ്മിഷനെ നിയമിച്ചു. കമ്മീഷൻ അംഗങ്ങൾ അടുത്തവർഷം ഇന്ത്യ സന്ദർശിച്ചു.

1927—ൽ മദിരാശിയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം "പൂർണ്ണസ്വാതന്ത്ര്യപ്രമേയം''—അംഗീകരിച്ചു. നെഹറുവായിരുന്നു പ്രമേയാവതാരകൻ. ഒരു വർഷത്തിനുള്ളിൽ ഇന്ത്യയുടെ സ്വാതന്ത്ര്യം പ്രാപിക്കുന്നില്ലെങ്കിൽ, സർക്കാരിന് കടുത്ത സമരം നേരിടേണ്ടിവരും. ഒരുവർഷക്കാലം കോൺഗ്രസ്സ് ക്ഷമിച്ചിരിക്കും. അവർ മുന്നറിയിപ്പു നൽകി. അതോടൊപ്പം സൈമൺ കമീഷനെ ബഹിഷ്കരിക്കുവാനാണ്, കോൺഗ്രസ്സ് തീരുമാനമെടുത്തത്. കമീഷൻെറ നിയമനം വെറും പ്രഹസനമാണെന്ന് കോൺഗ്രസിന്ന് ബോദ്ധ്യമായിരുന്നു.

1930. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ ഐതിഹാസികമായ ഘട്ടം. ഗാന്ധിജി ഉപ്പ് സത്യഗ്രഹം ആരംഭിച്ചു. ഗൗരവം ശരിക്കു ധരിക്കാതെ പലരും അതൊരു പരാജയമാകുമെന്ന് സംശയിച്ചു. ഉപ്പു നിയമം ലംഘിച്ച് ഈ കിഴവനെന്തുചെയ്യാൻ പോകുന്നു എന്ന് സർക്കാർ ഗാന്ധിയെ പുച്ഛരിച്ചു. പക്ഷേ ഉപ്പു സത്യാഗ്രഹം ആരംഭിച്ചു കഴിഞ്ഞപ്പോൾ, ജനങ്ങൾ ആവേശഭരിതരായി. ഇന്ത്യയിലുടനീളം കോളിളക്കമുണ്ടായി. സർക്കാരാകട്ടെ അമ്പരന്നു. സമരം അടിച്ചമർത്താനായി പിന്നത്തെശ്രമം. കോൺഗ്രസ്സിനെ ഒരു നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചു.

ഗവർമ്മണ്ടിൻെറ മർദ്ദനങ്ങളെ നേരിടാൻ കോൺഗ്രസ്സിനും പരിപാടികളുണ്ടായിരുന്നു. പ്രസിഡണ്ട് അറസ്ററ് ചെയ്യപ്പെടുമ്പോൾ, പുതിയൊരാളെ നാമനിർദ്ദേശം ചെയ്യണം. അങ്ങനെ ഓരോ ആളും പിൻഗാമിയെ ഭരമേൽപിക്കുക. പ്രവർത്തനം തുടർന്നുകൊണ്ടുപോവുക.

ഒരു ഘട്ടത്തിൽ ആസാദിൻെറ ഊഴം വന്നു. അദ്ദേഹമായി കോൺഗ്രസ്സ് പ്രസിഡണ്ട്. തന്നാലാവുന്നവിധം സമരപ്രചരണം നടത്തി. ഒട്ടുവിൽ മീററ്റിൽ വച്ചു നടത്തിയ ഒരു പ്രസംഗത്തിൻെറ പേരിൽ അറസ്ററു ചെയ്യപ്പെട്ടു. തൻെറ പിൻഗാമിയായി ഡാക്ടർ അൻസാരിയെ, അദ്ദേഹം നാമനിർദ്ദേശം ചെയ്തിരുന്നു.

സർക്കാരിൻെറ വെല്ലുവിളികളെ തന്ത്രപൂർവ്വം നേരിട്ടു. പ്രസ്ഥാനം തുടർന്നു കൊണ്ടുപോകാൻ കഴിഞ്ഞ ഈ നയത്തിൻെറ ആസൂത്രകൻ ആസാദായിരുന്നു.

ഈ സമരം ഒരു വർഷത്തോളം നീണ്ടുനിന്നു. അപ്പോഴേക്കും അനേകായിരം പേർ തടങ്കലിലായി. ഒടുവിൽ ഗാന്ധി—ഇർവിൻ സന്ധിയുടെ ഫലമായി, തടവുകാരെല്ലാം മോചിതരായി. പക്ഷേ സമാധാനാന്തരീക്ഷം അധികകാലം നിലനിന്നില്ല. വീണ്ടും സമരം ആരംഭിച്ചു. പുതിയ വൈസ്രോയി വില്ലിങ്ടൺപ്രഭു ശക്തമായ നടപടികളെടുത്തു, അതിൻെറ ഫലമായാണ് ആസാദ് ദില്ലി ജയിലിൽ തടവുകാരനാക്കപ്പെട്ടത്.

# XII

# യുദ്ധത്തിൻെറ ആരംഭം

1939. യൂറോപ്പിൽ ആരംഭിച്ച യുദ്ധത്തിൻെറ കരിനിഴൽ ഇൻഡ്യയിലും വ്യാപിച്ചുതുടങ്ങിയിരുന്നു. രാഷ്ട്രീയാന്തരീക്ഷം ആകെ കലങ്ങിമറിഞ്ഞു.

ദേശീയസംഘടനയായ കോൺഗ്രസ്സിൻെറ പ്രവർത്തനം ശ്രമകരമായിത്തീർന്നു. സംഘടനയുടെ പ്രസിഡണ്ടു പദം ഒരു മുൾക്കിരീടം തന്നെയായിരുന്നു. പുതുതായി സ്ഥാനം ഏറ്റെടുക്കാൻ ആരാണുള്ളത്? കഴിവുററ ഒരു നേതാവ് തന്നെ വേണം. പലരും ആസാദിൻെറ നേതൃത്വത്തെ ഉററുനോക്കി.

കഴിഞ്ഞ വർഷം തന്നെ പലരും നിർബന്ധിച്ചതാണ് അന്ന് ഒഴിഞ്ഞുമാറി. ഇത്തവണ അന്തരീക്ഷമാകെ മാറിയിരിക്കുന്നു. സംഘർഷം നിറഞ്ഞ കാലഘട്ടമാണ്. കുഴപ്പത്തിലാവുമ്പോഴും, സംഘടനയെ നയിക്കാതെ പിന്തിരിഞ്ഞുകളയുന്നതു കൃത്യവിലോപമാവും. ആസാദ് ചുഴിഞ്ഞാലോചിച്ചു. അതിനിടക്ക് ഗാന്ധിജിയും നിർബന്ധപൂർവം ആവശ്യപ്പെട്ടു. പിന്നെ ആസാദ് മടിച്ചു നിന്നില്ല. സംഘടനയുടെ നേതൃത്വം ഏറ്റെടുക്കാൻ തന്നെ തീരുമാനിച്ചു.

അങ്ങനെ രാംഗഡിൽ നടന്ന സമ്മേളനത്തിൽ വച്ച് ആസാദ് കോൺഗ്രസ് പ്രസിഡണ്ടു പദം ഏറ്റെടുത്തു. അദ്ദേഹത്തെ എതിർത്ത എം. എൻ. റോയിയുടെ പരാജയം ദയനീയമായിരുന്നു.

ഇന്ത്യ യുദ്ധത്തിൽ പങ്കെടുക്കണമോ, വേണ്ടയോ? കുഴപ്പം പിടിച്ച പ്രശ്നമായിരുന്നു. ഇതിനെച്ചൊല്ലി കോൺഗ്രസുകാർക്കിടയിൽ സാരമായ അഭിപ്രായഭിന്നതകളുണ്ടായി. നേതാക്കന്മാർക്കിടയിൽ ചേരിതിരിവുണ്ടായി.

ഏതു യുദ്ധവും ഹിംസയാണ്. ഇന്ത്യ യുദ്ധത്തിൽ പങ്കെടുക്കരുത്. സമാധാനാന്തരീക്ഷം നിലനിറുത്താൻ വേണ്ടതെന്തോ അതാണ് ചെയ്യേണ്ടത്. ഗാന്ധിജി വാദിച്ചു- പലരും മഹാത്മജിയോടു യോജിച്ചു എന്നാൽ ആസാദിന്റെ അഭിപ്രായം മറ്റൊന്നായിരുന്നു. നെഹ്റുവിനെപ്പോലുള്ള നേതാക്കളും അതേ അഭിപ്രായക്കാരായിരുന്നു. യൂറോപ്പിലാണ് യുദ്ധം നടക്കുന്നത്; ശരിതന്നെ: പക്ഷേ ജനാധിപത്യവും ഫാസിസവും തമ്മിലാണ് യുദ്ധം. നാം ജനാധിപത്യ വിശ്വാസികളാണ്. അതുകൊണ്ട് ഫാസിസത്തെ എതിർക്കണം. എന്നു വച്ച് ബ്രിട്ടന്റെ കൂടെ നിന്ന് നമുക്ക് ചെയ്യാനാവുകയില്ല. നാം ബന്ധിതരാണ്. ബന്ധിതർ എങ്ങനെ മററുള്ളവർക്ക് വേണ്ടി യുദ്ധം ചെയ്യും? ബ്രിട്ടൻ നമ്മെ സ്വതന്ത്രരാക്കട്ടെ. എന്നാൽ അവരോടു ചേർന്നു നമുക്ക് യുദ്ധം ചെയ്യാം. ആസാദിന്റെ ഈ വാദഗതി, ഗാന്ധിജിക്ക് ഒട്ടും പിടിച്ചില്ല.

എന്നാൽ, രാംഗഡ് സമ്മേളനത്തിൽ കോൺഗ്രസ് അംഗീകരിച്ച പ്രമേയം, ഏറക്കുറെ ഈ അഭിപ്രായം ശരിവയ്ക്കുന്ന തരത്തിലുള്ളതായിരുന്നു.

ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കാനുള്ള ബ്രിട്ടന്റെ നയത്തിൽ പ്രമേയം എതിർപ്പു പ്രകടിപ്പിച്ചിരുന്നു.

പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ എട്ടു സംസ്ഥാനങ്ങളിൽ ഭരണം നടത്തിയിരുന്ന കോൺഗ്രസ് മന്ത്രിസഭകൾ രാജിവച്ചിറങ്ങിപ്പോന്നു.

ഇന്ത്യയുടെ വിഭവങ്ങൾ യുദ്ധത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിൽ പ്രമേയം എതിർപ്പു പ്രകടിപ്പിച്ചു. ബ്രിട്ടൺ യുദ്ധം ചെയ്യുന്നത് സാമ്രാജ്യത്വ ലക്ഷ്യങ്ങൾ ഉറപ്പിക്കുവാനാണ്. അതുകൊണ്ട് യുദ്ധത്തിൽ ഇന്ത്യൻ പട്ടാളത്തെ ഉപയോഗിക്കരുത്. അനുയോജ്യമായ ഒരു ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഉടനെ ഇന്ത്യക്കു സ്വാതന്ത്ര്യം നല്കുകയാണ് ബ്രിട്ടൺ ചെയ്യേണ്ടതു– പ്രമേയം തുടർന്നു പറഞ്ഞു.

പ്രസിഡണ്ടുപദം ഏറ്റെടുത്ത ഉടനെ ആസാദ് പ്രവർത്തകസമിതി പുനസ്സംഘടിപ്പിച്ചു. സുബാഷ് ചന്ദ്രബോസ് പ്രസിഡണ്ടു സ്ഥാനം രാജിവച്ചതിൽപ്പിന്നെ ജവഹരിലാൽ നെഹ്റു പ്രവർത്തകസമിതിയിൽ നിന്നും വിട്ടു നില്ക്കുകയായിരുന്നു. ആസാദ് അതൊരു പോരായ്മയായി കരുതി നെഹ്റുവിനെയും, മററു ചിലരെയും പ്രവർത്തകസമിതി അംഗങ്ങളാക്കി.

ഇന്ത്യയുടെ സ്വാതന്ത്ര്യമല്ല, ലോകസമാധാനമാണ് വലിയ പ്രശ്നം എന്ന അഭിപ്രായത്തിൽ, ഗാന്ധിജി ഉറച്ചു നില്ക്കുകയായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം, ഇന്ത്യയുടെ സ്വാതന്ത്ര്യംതന്നെയാണ് പരമപ്രധാനമെന്നായിരുന്നു ആസാദിന്റെ ദൃഢവിശ്വാസം. ഈ അഭിപ്രായം പുനഃപരിശോധിക്കണമെന്ന് ഗാന്ധിജി ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ എത്ര ചിന്തിച്ചിട്ടും, തന്റെ അഭിപ്രായത്തിന് മാററം വരുത്തേണ്ടതു

ണ്ടെന്ന് തോന്നിയില്ല. മററു രാജ്യങ്ങളുമായി നടത്തുന്ന യുദ്ധവും, ഒരു ആഭ്യന്തരയുദ്ധവും ഒരുപോലെയല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. സ്വാതന്ത്ര്യസമരത്തിനുപോലും അഹിംസയാണ് നാം ആയുധമാക്കിയിരിക്കുന്നത്. വേണ്ടിവന്നാൽ സ്വാതന്ത്ര്യസമരത്തിൽപ്പോലും ആയുധമെടുക്കണം, കോൺഗ്രസ് ഒരു യുദ്ധ വിരുദ്ധ പ്രസ്ഥാനമൊന്നുമല്ല. സ്വാതന്ത്ര്യം നേടുകയാണ് നമ്മുടെ ലക്ഷ്യം. ആസാദ് തുറന്നു തന്നെ പറഞ്ഞ് ഗാന്ധിജിയോടുള്ള വിയോജിപ്പ് പ്രകടമാക്കി.

1940–ൽ പൂനയിൽ കോൺഗ്രസ് സമ്മേളനം ആരംഭിക്കുമ്പോഴേക്ക്, അഭിപ്രായ ഭിന്നതകൾ, അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞിരുന്നു. പ്രസിഡണ്ട് എന്ന നിലയിൽ ആസാദ് പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പ്രവർത്തകസമിതി ശരിവച്ചു. എന്നാൽ എല്ലാവരെയും തൃപ്തരാക്കുന്ന തരത്തിൽ, രണ്ടു പ്രമേയങ്ങളാണ് സമ്മേളനം അംഗീകരിച്ചത്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം അഹിംസയിൽ അധിഷ്ഠിതമായിരിയ്ക്കുമെന്ന് ഒന്നാമത്തെ പ്രമേയം ആവർത്തിച്ച് ഉറപ്പിച്ചിരുന്നു. യുദ്ധത്തിൽ ജനാധിപത്യച്ചേരിയോടു മമത പുലർത്തും; എന്നാൽ സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് യുദ്ധത്തിൽ പങ്കെടുക്കുകയില്ല. രണ്ടാമത്തെ പ്രമേയം പ്രഖ്യാപിച്ചു.

കോൺഗ്രസ്സ് അംഗീകരിച്ച പ്രമേയങ്ങൾ, ഗാന്ധിജിയെ സന്തുഷ്ടനാക്കി. തന്റെ വീക്ഷണം ഉൾക്കൊണ്ടതിന്റെ പേരിൽ കോൺഗ്രസ്സ് പ്രസിഡണ്ട് ആസാദിനെ അദ്ദേഹം അഭിനന്ദിച്ചു. വാസ്തവത്തിൽ ആ പ്രമേയങ്ങൾ മഹാത്മജിയുടെ വിജയമായിരുന്നു. കോൺഗ്രസ്സ് വീണ്ടും അദ്ദേഹത്തിന്റെ വരുതിയിലായിക്കഴിഞ്ഞെന്ന് അതു തെളിയിച്ചു.

ബ്രിട്ടീഷുകാർ അത്ര വേഗത്തിലൊന്നും ഇന്ത്യയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ പോകുന്നില്ല. അതിനാൽ യുദ്ധത്തിൽ പങ്കെടുക്കേണ്ട പ്രശ്നം വരികയുമില്ല. ആ നിലയ്ക്ക്

ഒരു പരീക്ഷണഘട്ടം ഒഴിവാക്കാം. ഗാന്ധിജിയുമായുള്ള അഭിപ്രായ വ്യത്യാസം താത്വികമായല്ലാതെ, പ്രയോഗ തലത്തിൽ വരാൻ പോകുന്നില്ല. അതായിരുന്നു ആസാദിൻെറ ആശ്വാസം. ഈ അഭിപ്രായഭിന്നതയുടെ പേരിൽ പ്രവർത്തക സമിതിയിൽ നിന്നും രാജി വച്ചൊഴിയാൻ പോയ സഹപ്രവർത്തകരെ സമാധാനിപ്പിച്ച് നിറുത്താൻ കഴിഞ്ഞതിലും അദ്ദേഹം സംതൃപ്തനായിരുന്നു.

ആ വർഷം ആഗസ്ററിൽ കോൺഗ്രസ് പ്രസിഡണ്ടിനെ, വൈസ്രോയി ചർച്ചക്ക് ക്ഷണിച്ചു. വിപുലീകൃതമായ അധികാരത്തോടു കൂടി ഒരുനിർവ്വാഹകസമിതി രൂപീകരിക്കുക. കോൺഗ്രസ്സ് അതിൽ പങ്കാളികളാവുക. അങ്ങനെയായാൽപരസ്പരം സഹകരിച്ചു പോകാൻ കഴിയുമെന്നായിരുന്നു ഗവർമ്മണ്ടിൻെറപ്രത്യാശ. ആസാദാകട്ടെ സഹപ്രവർത്തകന്മാരോടുപോലും ആലോചിക്കാൻ നിന്നില്ല. അത് നിരർത്ഥകമായ ഒരു ചർച്ചയായീരിക്കുമെന്ന് മനസ്സിലാക്കി, വൈസ്രോയിയുടെ ക്ഷണം നിരസിച്ചുകളഞ്ഞു.

ആസാദിൻെറ തീരുമാനം പല കോൺഗ്രസ്സ് നേതാക്കളും ഇഷ്ടപ്പെട്ടില്ല. വൈസ്രോയിയുടെ ക്ഷണം സ്വീകരിക്കേണ്ടതായിരുന്നുവെന്നാണ് അവരഭിപ്രായപ്പെട്ടത്. കൂടുതൽ അധികാരത്തോടുകൂടി ഒരുനിർവ്വാഹക സമിതിയും പൂർണ്ണ സ്വാതന്ത്ര്യവും തമ്മിൽ ഒരു ബന്ധവുമില്ലെന്ന അഭിപ്രായത്തിൽ, ആസാദ് ഉറച്ചുനിന്നു. ഏതായാലും ഗാന്ധിജി ആസാദിൻെറ തീരുമാനം ശരിവയ്ക്കുകയാണ് ഉണ്ടായത്.

# XIII

## വ്യക്തിസത്യഗ്രഹം

യുദ്ധം ലോകമാകെ പടർന്നു പിടിക്കുകയായിരുന്നു. ഇന്ത്യൻ നേഷനൽ കോൺഗ്രസ്സ് ഉത്തരവാദപ്പെട്ട ഒരു സംഘടനയാണ് . അതുപോലെ ഒരു സന്ദിഗ്ദ്ധ ഘട്ടത്തിൽ നിഷ്ക്രിയരായി ഇരിക്കാൻ കഴിയുമോ? പുതിയ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കണമെന്നായിരുന്നു എല്ലാവരുടെയും അഭിപ്രായം. യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾ നടത്തണമെന്നായിരുന്നു ആസാദിൻെറ നിർദ്ദേശം. ഗാന്ധിജി അതിനോടു യോജിച്ചില്ല. ഒടുവിൽ വ്യക്തിസത്യഗ്രഹം നടത്താൻ തീരുമാനമായി. പരിമിതമായ ആ സമരപരിപാടി അംഗീകരിച്ച് ആസാദ് മുന്നോട്ടു നീങ്ങി.

വ്യക്തിസത്യഗ്രഹം നടത്താൻ ആയിരക്കണക്കിന് ആളുകൾ മുന്നോട്ടുവന്നിരുന്നു. ഇന്ത്യയിലുടനീളം അറസ്ററുകൾ തുടങ്ങി. സ്വയം ഒരു വ്യക്തി സത്യഗ്രഹം നടത്താൻ കിഴയുന്നതിന്മുമ്പുതന്നെ ആസാദിനെ അറസ്ററു ചെയ്തു. രണ്ടു കൊല്ലത്തെ തടവിനു ശിക്ഷിക്കപ്പെട്ടു. അദ്ദേഹത്തെ, നൈനി ജയിലിലേക്ക് കൊണ്ടുപോയി.

അല്പ കാലത്തിനുള്ളിൽ യുദ്ധത്തിന്റെ ഗതിയാകെ മാറിക്കഴിഞ്ഞിരുന്നു. ആസാദടക്കം പല നേതാക്കളും കാലാവധിക്കുമുമ്പുതന്നെ മോചിപ്പിക്കപ്പെട്ടു. പുതിയ പരിതഃസ്ഥിതിയിൽ, കോൺഗ്രസ്സ് സ്വീകരിക്കുന്ന നയം എന്തായിരിക്കുമെന്ന് പരിശോധിക്കുവാനായിരുന്നു സർക്കാര് അത്തരമൊരു സൗജന്യം കാണിച്ചത്.

തടവിൽ നിന്നും നേരത്തെ മോചിപ്പിക്കപ്പെട്ടതിൽ, ആസാദ് സംതൃപ്തനായിരുന്നില്ല. മനസ്സ് അസ്വസ്ഥമായിരുന്നു. ആ സന്ദർഭത്തിലുണ്ടായ ചിന്താഗതി ആത്മകഥയിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

—''മുമ്പൊക്കെ തടവിൽ നിന്നുമുള്ള മോചനം, ഭാഗികമായ വിജയ ബോധം എന്നിലുണർത്തിയിട്ടുണ്ട്. ഇത്തവണ അങ്ങനെയല്ല. രണ്ടുവർഷമായി യുദ്ധം നടക്കുന്നു. എന്നിട്ടും സ്വാതന്ത്ര്യ ലബ്ധിക്കുവേണ്ടി ഫലപ്രദമായ എന്തെങ്കിലും ചെയ്യാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. എനിക്ക് തോന്നി തീർച്ചയായും നാം പരിതഃസ്ഥിതികളുടെ ഇരകൾ മാത്രമാണ്; വിധികർത്താക്കളല്ല."

അക്കാലത്തു ഗാന്ധിജി ബർദോളിയിൽ താമസിച്ചുവരികയായിരുന്നു. യുദ്ധയത്നങ്ങളിൽ സഹകരിച്ചാൽ ബ്രിട്ടൺ ഇന്ത്യയുടെ സ്വാതന്ത്ര്യം അംഗീകരിച്ചേക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. ഈ ചിന്താരീതി ആസാദ് അംഗീകരിച്ചില്ല. വിപുലമായ അധികാരത്തോടുകൂടിയ ഒരു കൗൺസിൽ രൂപീകരിച്ചേക്കാമെന്നു മാത്രമേ ആസാദ് കരുതിയുള്ളൂ. ഏതായാലും ഗാന്ധിജിയുടെ ആഗ്രഹമനുസരിച്ച് കോൺഗ്രസ് പ്രവർത്തക സമിതി ബർദോളിയിൽ യോഗം ചേർന്നു. ആസാദ് തന്റെ വിയോജിപ്പ് തുറന്നു പ്രകടിപ്പിക്കുക തന്നെ ചെയ്തു. എങ്കിലും ഗാന്ധിജിയുടെ നയചാതുരി മൂലം. എല്ലാവർക്കും ഒന്നിച്ചു തന്നെ മുന്നോട്ടു നീങ്ങാൻ കഴിഞ്ഞു.

1942–ൽ ചൈനയിലെ ചിയാങ്ങ്കൈയ്ഷക്ക് ഇന്ത്യ സന്ദർശിച്ചു. ഗവർമ്മണ്ടും കോൺഗ്രസും തമ്മിൽ കൂടുതൽ സഹ

കരിയ്ക്കുവാനുള്ള പോംവഴികൾ കണ്ടെത്താൻ അദ്ദേഹം ഈ സന്ദർശനം ഉപയോഗപ്പെടുത്തിയിരുന്നു. കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിൽ ആസാദും ചിയാങ്ങ്കൈയ്ഷക്കും തമ്മിൽ സംഭാഷണം നടത്തുകയുണ്ടായി. തന്റെ രാജ്യം സ്വതന്ത്രമാകാതെ ബ്രിട്ടനുമായി യുദ്ധത്തിൽ സഹകരിയ്ക്കുകയില്ലെന്ന് ചിയാങ്ങ്കൈയ്ഷക്കിനോടും അദ്ദേഹം തുറന്നു പറഞ്ഞു.

# XIV

## ക്രിപ്സ്ദൗത്യം

യുദ്ധം അതിന്റെ മൂർദ്ധന്യത്തിലെത്തി. ഈ അവസരത്തിലെങ്കിലും ബ്രിട്ടൻ ഇന്ത്യയോടുള്ള നിലപാടിൽ മാററം വരുത്തുമെന്നു പലരും വിശ്വസിച്ചു. അതു ഏറെക്കുറെ ശരിയായിരുന്നു.

ഇന്ത്യൻ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കണം. അമേരിക്കൻ പ്രസിഡണ്ട് റൂസ്വെൽററ് നിർബന്ധിച്ചു കൊണ്ടിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലും അതിൽ തത്പരനായിരുന്നു.

ഇന്ത്യയിലെ നേതാക്കളുമായി പ്രശ്നം ചർച്ച ചെയ്യണം; എന്നിട്ടൊരു പരിഹാരം കണ്ടെത്തണം. അതായിരുന്നു ബ്രിട്ടന്റെ ആഗ്രഹം. അതിനുപററിയ ആളെന്ന നിലയിൽ സർ സ്ററാഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്ക് അയക്കാൻ തീരുമാനിച്ചു.

ക്രിപ്സ് മുമ്പും ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. അന്ന് വാർദ്ധയിൽ സമ്മേളിച്ചിരുന്ന കോൺഗ്രസ്സ് നേതാക്കളുമായി പലവട്ടം സംഭാഷണം നടത്തിയിട്ടുമുണ്ട്. തനിക്കുള്ള മുൻ പരിചയം, പ്രശ്നപരിഹാരത്തിന് എളുപ്പം കൂട്ടുമെന്ന വിശ്വാസത്തോടെയാണ്, ക്രിപ്സ് ഇന്ത്യയിലെത്തിയത്.

ക്രിപ്സുമായി സംഭാഷണം നടത്തുവാൻ കോൺഗ്രസ്സ് നേതാക്കളെക്കൂടാതെ, മററു സംഘടനകളുടെ നേതാക്കളും ക്ഷണിക്കപ്പെട്ടിരുന്നു.

1942 മാർച്ചു് 21. കോൺഗ്രസ് പ്രസിഡണ്ട് ആസാദും, ക്രിപ്സും തമ്മിൽ ആദ്യത്തേ കൂടിക്കാഴ്ച നടന്നതിൻെറ നിർദ്ദേശങ്ങരം ക്രിപ്സ് എഴുതിക്കൊണ്ടുവന്നിരുന്നു. വൈസ്രായിയുടെ എക്സിക്യൂട്ടീവ് കൌൺസിൽ രൂപീകരിക്കുവാനുള്ള പരിപാടി മാത്രമാണ് അതിലുള്ളത്. മററു പുതുമയൊന്നുമുണ്ടായിരുന്നില്ല. എങ്കിലും. ആസാദ് സംഭാഷണം ആരംഭിച്ചു.

യുദ്ധകാലത്ത് അധികാരം ഇന്ത്യക്ക് നൽകാൻ ബ്രിട്ടൻ തയാറല്ല; കൌൺസിൽ രൂപീകരിക്കപ്പെട്ടാൽത്തന്നെ, അതിന് മന്ത്രിസഭയുടെ പദവിയുണ്ടാവുകയില്ല. ഇക്കാര്യം ആസാദിന് ബോദ്ധ്യപ്പെട്ടു. കോൺഗ്രസ് പ്രവർത്തകസമിതിയിൽ, അദ്ദേഹം അതു വിശദീകരിക്കുകയും ചെയ്തു.

ക്രിപ്സുമായി മററു കോൺഗ്രസ് നേതാക്കരം കൂടിക്കാഴ്ച നടത്തേണ്ടതില്ലെന്ന് , പ്രവർത്തകസമിതി തീരുമാനിച്ചു. തന്മൂലം ആസാദു മാത്രമെ സംഭാഷണത്തിൽ പങ്കെടുത്തുള്ളൂ. അവർ പലവട്ടം സംഭാഷണം തുടർന്നു.

ക്രിപ്സിൻെറ നിർദ്ദേശങ്ങരം കൊണ്ടെന്താണ് കാര്യം? ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ടതൊന്നും അതിലില്ല. ആസാദ് തിരിച്ചും മറിച്ചും ചിന്തിച്ചു. നിർദ്ദേശങ്ങരം അസ്വീകാര്യമാണെന്ന്. തന്നെയായിരുന്നു അദ്ദേഹത്തിൻെറ തോന്നൽ.

ജവഹരിലാൽനെഹ്റുവും ആസാദും കൂടി വേവൽപ്രഭുവിനെയും ചെന്നു കണ്ടു. അന്ന് ഇന്ത്യയിലെ കമാൻഡർ-ഇൻ-ചീഫ് അദ്ദേഹമായിരുന്നു. ആ കൂടിക്കാഴ്ച കൊണ്ടും ഫലമൊന്നുമുണ്ടായില്ല.

ക്രിപ്സുമായി രണ്ടാഴ്ചക്കാലത്തോളം സംഭാഷണം തുടർന്നു. പക്ഷേ ക്രിയാത്മകമായ ഒരു തീരുമാനവുമുണ്ടായില്ല. അതിനുശേഷം കോൺഗ്രസ് പ്രവർത്തകസമിതി ചേർന്ന്, നടന്നു കഴിഞ്ഞ സംഭാഷണങ്ങളുടെ വെളിച്ചത്തിൽ ഒരു പ്രമേയം അംഗീകരിച്ചു. പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ ആസാദ ഒരു കത്തെഴുതി ക്രിപ്സിനയച്ചു. ബ്രിട്ടീഷ് ഗവർമ്മണ്ടിൻെറ നിർദ്ദേശങ്ങൾ കൂടുതൽ കുഴപ്പങ്ങളുണ്ടാക്കും; അതുകൊണ്ട് അവ സ്വീകാര്യമല്ല എന്നായിരുന്നു കത്തിൻെറ ചുരുക്കം.

റഷ്യയിൽ ബ്രിട്ടൻെറ നയതന്ത്രപ്രതിനിധിയായി പേരും പെരുമയും നേടിയ രാജ്യതന്ത്രജ്ഞനായിരുന്നു ക്രിപ്സ്. പക്ഷേ അദ്ദേഹത്തിൻെറ തന്ത്രങ്ങളൊന്നും ആസാദിൻെറ മുമ്പിൽ വിലപ്പോയില്ല. അതാലോചിയ്ക്കുമ്പോഴാണ് കഥാപുരുഷനോടുള്ള മതിപ്പു കൂടുക.

# XV

## ക്വിററിന്ത്യ

ക്രിപ്സിൻെറ ദൌത്യം വളരെ പ്രതീക്ഷകളോടെയാണ് ഇന്ത്യൻ ജനത സ്വാഗതം ചെയ്തിരുന്നത്. പക്ഷേ ഒന്നും സംഭവിച്ചില്ല. ജനങ്ങൾ ആകെ നിരാശരായി.

ഇന്ത്യയുടെ സ്വാതന്ത്ര്യം നേടുന്നതിനുവേണ്ടി ഫലപ്രദമായി എന്തെങ്കിലും ചെയ്യേണ്ട കാലമായിരിയ്ക്കുന്നു എന്ന് പലർക്കും തോന്നിത്തുടങ്ങി. ഈ പശ്ചാത്തലത്തിലാണ് 1942 മെയ് മാസത്തിൽ അലഹബാദിൽ കോൺഗ്രസ് സമ്മേളനം നടന്നത്. അദ്ധ്യക്ഷൻ ആസാദ് തന്നെയായിരുന്നു. തൻെറ പ്രസംഗത്തിൽ, ക്രിപ്സ്ദൌത്യം പരാജയപ്പെടാനുള്ള കാരണം അദ്ദേഹം വിവരിച്ചു. അതിനിടെ ജപ്പാൻ യുദ്ധത്തിൽ ജയിക്കുകയാണെങ്കിൽ, ഇന്ത്യക്ക് സ്വാതന്ത്ര്യം നല്കാൻ അവർ തയ്യാറാകുമെന്ന് ചിലർ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. അത്തരം പ്രചാരകന്മാരെ കണക്കിന് വിമർശിക്കുകയും, അഹിംസ മാത്രമാണ് നമ്മുടെ സമരായുധമെന്ന്, ഊന്നിപ്പറയുകയും ചെയ്തു.

സമ്മേളനത്തിനുശേഷം, ആസാദ് കല്ക്കത്ത സന്ദർശിച്ചു. അവിടെ ജനങ്ങളിൽ ബ്രിട്ടീഷ്വിരോധം ആളിക്കത്തുകയായിരുന്നു. അതിൻെറ ഫലമായി ജപ്പാനോടു മമത കൂടിവരുന്നുമുണ്ടായിരുന്നു. ഇത് അദ്ദേഹത്തെ അസ്വസ്ഥനാക്കി.

ജപ്പാൻ വിജയിക്കുന്ന പക്ഷം ഇന്ത്യക്ക് സ്വാതന്ത്ര്യമനുവദിക്കാൻ പോകുന്നില്ല. അവരെ ഇന്ത്യൻ മണ്ണിൽ കാലുകുത്താൻ അനുവദിച്ചുകൂട. വളരെ ശക്തിയോടെ അവരെ തുരത്ത

ണം. അതിനുവേണ്ട പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ തീരുമാനിച്ചു. തക്കവിധത്തിൽ സംഘടനാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാരംഭിച്ചു.

ആസാദ് വാർദ്ധയിലെത്തി ഗാന്ധിജിയെക്കണ്ടു. ഗാന്ധിജിയുടെ മനസ്സിൽ ഒരു പുതിയ സമരപരിപാടി രൂപം കൊള്ളുന്നുണ്ടായിരുന്നു. ഗാന്ധിജി അക്കാര്യം ആസാദുമായി ചർച്ചചെയ്തു.

അതൊരു അവസാനകൈ ആയിരുന്നു. ഉഗ്രമായ സമര പരിപാടി! ബ്രിട്ടിഷ്കാരോടു ഇന്ത്യ വിടാൻ ആവശ്യപ്പെടണം. തുടർന്ന് അതു നടപ്പിലാവുന്ന വിധത്തിൽ സമരമുറകളുണ്ടാവ ണം. ഗാന്ധിജി വിശദീകരിച്ചു. ആസാദാകട്ടെ അതിനോടു ഒട്ടും യോജിപ്പു പ്രകടിപ്പിച്ചില്ല. യുദ്ധം മൂർദ്ധന്യാവസ്ഥ യിലെത്തിയിരിക്കുകയാണ്. കോൺഗ്രസ്സ് കർശനമായ സമ രം തുടങ്ങിയാൽ, ഗവർമ്മണ്ട് കയ്യും കെട്ടി നോക്കി നില്ക്കു കയില്ല. ഗാന്ധിജിയടക്കമുള്ള നേതാക്കളെ തുറുങ്കിലടയ്ക്കും. അങ്ങനെ വന്നാൽ ജനങ്ങൾ നിഷ്ക്രിയരായിത്തീരും എന്ന് ആസാദ് ഭയപ്പെട്ടു. ആ ഭയം അസ്ഥാനത്താണെന്ന് ഗാന്ധിജി പറഞ്ഞു ഒരു ഭാഗത്തു് ആഗോളയുദ്ധം നടക്കുന്നു. അപ്പോൾ വലിയൊരു ആഭ്യന്തരസമരത്തെ നേരിടാൻ ഗവർമ്മെണ്ടിന് കഴി യുകയില്ല. സമരം ഒരു ബഹുജനപ്രസ്ഥാനമായിത്തീർന്നാൽ, ഗവർമ്മെണ്ട് ഏതെങ്കിലും തരത്തിലുള്ള ഒത്തുതീർപ്പിനു തയ്യാ റാകും. ഗാന്ധിജി ഉറച്ചു വിശ്വസിച്ചു. പക്ഷേ ആസാദിന് ആ വാദഗതി സ്വീകരിക്കാനാവില്ല. എന്തായാലും, ജനങ്ങളുടെ ആത്മവീര്യം ഉണർത്തി നിലനിർത്താൻ എന്തെങ്കിലും ചെ യ്തേ പററൂ. അക്കാരത്തിൽ അവർ ഏകാഭിപ്രായക്കാരായി രുന്നു.

കോൺഗ്രസ്സ് പ്രവർത്തകസമിതി ഗാന്ധിജിയുടെ അഭി പ്രായം ചർച്ചചെയ്തു. ജവഹരിലാലും ആസാദും ഒരേ അഭി പ്രായം പ്രകടിപ്പിച്ചു. മററുള്ളവർ എതിർത്തു. ആശയക്കു ഴപ്പം തുടർന്നു പോയി. അഭിപ്രായവ്യത്യാസമുള്ളവരുമായി ഒന്നിച്ച് പ്രവർത്തിക്കാൻ വയ്യെന്ന് ഗാന്ധിജി വ്യക്തമാക്കി.

തന്റെ നേതൃത്വം ആവശ്യമാണെങ്കിൽ, ആസാദ് പ്രസിഡണ്ട് പദം ഒഴിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജിയുടെ നീക്കം ജവഹരിലാൽ, സർദാർപട്ടേൽ മുതലായ നേതാക്കളെ അസ്വസ്ഥരാക്കി. ഏതായാലും ഒരു പുനരാലോചനക്കു ശേഷം ഗാന്ധിജി ആ നീക്കത്തിൽനിന്നും പിൻവാങ്ങി. 1942 ജൂലായ് 14. കോൺഗ്രസ്സ് പ്രവർത്തകസമിതി ചരിത്രപ്രധാനമായ 'ക്വിറ്റിന്ത്യാ' പ്രമേയം അംഗീകരിച്ച ദിവസമാണന്ന്.

ജനങ്ങൾ ആവേശഭരിതരായി. വെള്ളക്കാർ കെട്ടുകെട്ടാറായിരിക്കുന്നുവെന്ന വിശ്വാസം വളർന്നു. ജനങ്ങൾ എന്തുത്യാഗം സഹിക്കാനും തയ്യാറായിക്കഴിഞ്ഞിരുന്നു.

അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററി പ്രവർത്തകസമിതി തയ്യാറാക്കിയ പ്രമേയം അംഗീകരിക്കുകയേ വേണ്ടു. സമരപരിപാടികൾ ആരംഭിക്കുകയായി. പക്ഷെ കോൺഗ്രസ് പ്രസിഡണ്ടെന്ന നിലയിൽ, വലിയ ഉത്തരവാദിത്തമാണുള്ളത്. നിഷേധാത്മകമായ ഒരു നിലപാടാണ് ഗവർമ്മേണ്ട് സ്വീകരിക്കുന്നതെങ്കിലോ? എന്താണ് ചെയ്യുക? എല്ലാതുറകളിലും ചെറുത്തുനിൽപ് സംഘടിപ്പിക്കേണ്ടിവരും. ആസാദ് മററു ഉന്നതനേതാക്കളോടൊപ്പം പ്രചരണ പര്യടനമാരംഭിച്ചു.

സമരം ആളിപ്പടർന്നു. ഇന്ത്യയിലുടനീളം ബഹുജനങ്ങളിളകി. ഗവർമ്മേണ്ട് കർശനനടപടികളാരംഭിച്ചു.

ആഗസ്ററ് 9—ന് കാലത്ത് അദ്ദേഹത്തിനെ അറസ്ററുചെയ്തു. അതിനുമുമ്പുതന്നെ ഗാന്ധിജി നെഹ്റു മുതലായ ഉന്നത നേതാക്കൾ തടങ്ങലിലായിക്കഴിഞ്ഞിരുന്നു.

ഇത്തവണ അഹമ്മദ് നഗർ കോട്ടയിലാണ് ആസാദും നെഹ്റുവും മററും തടവുകാരായി കഴിയേണ്ടിവന്നത്.

ഈ തടവുകാലജീവിതം ശാരീരികമായും മാനസികമായും ആസാദിനെ തളർത്തിക്കളഞ്ഞു. ഇക്കാലത്താണ് അദ്ദേ

ഹത്തിൻെറ പ്രിയതമയുടെ അകാലചരമം സംഭവിച്ചത്! ആ ദുരന്തത്തെക്കുറിച്ചറിഞ്ഞ് ജയിലഴിക്കുള്ളിലിരുന്നു. നനഞ്ഞ കണ്ണുകളോടെ അവരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാനേ കഴിഞ്ഞുള്ളൂ.

ഭാര്യ വളരെക്കാലമായി രോഗഗ്രസ്തയായിരുന്നു. അല്പകാലം മുമ്പ് വിദഗ്ദ്ധ ചികിത്സ നടത്തിയതിൻെറ ഫലമായി, രോഗം ഭേദപ്പെട്ടിരുന്നു. എന്നാൽ ആസാദ് ബോംബെയിലെ സമ്മേളനത്തിന് പുറപ്പെട്ട സമയം, അവരുടെ ആരോഗ്യസ്ഥിതി അത്രയൊന്നും മെച്ചപ്പെട്ടതായിരുന്നില്ല. തിരിച്ചുചെന്ന് എന്തെങ്കിലും ചെയ്യാമെന്ന് കരുതിയിരുന്നു. പക്ഷേ വിധി അതിനു സമ്മതിച്ചതുമില്ല. വീട്ടിലല്ല, ജയിലിലാണെത്തിച്ചേർന്നത്. അവശയായ ആസാദിന്, ഭർത്താവിൻെറ അറസ്റ്റിനെക്കുറിച്ച് അറിഞ്ഞതുമുതൽ കൂടുതൽ അവശയാവുകയും ചെയ്തു.

ഡോക്ടർമാർ ആവുന്നതെല്ലാം ചെയ്തുനോക്കിയിരുന്നു. രക്ഷയില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ഡോക്ടർമാർ തന്നെ സർക്കാരിന് എഴുതി. ഭാര്യയെ ഒരുനോക്ക് കാണാനെങ്കിലും ആസാദിനെ വിട്ടയക്കണം. സർക്കാർ അതു ചെവിക്കൊണ്ടില്ല. ഭാര്യയെ ചെന്നുകാണാൻ സൌകര്യമുണ്ടാകുന്നതിനു വേണ്ടി തന്നെ കൽക്കത്താ ജയിലിലേക്ക് മാററണമെന്ന് ആസാദ് അപേക്ഷിച്ചു. അതും വനരോദനമായി കലാശിക്കുകയാണ് ഉണ്ടായത്.

അധികൃതന്മാരുടെ കണ്ണിൽച്ചോരയില്ലായ്മ, ആസാദിൻെറ ജീവിതത്തിൽ നിത്യദുഃഖത്തിന് കാരണമായിത്തീർന്നു.

രാജ്യത്തിലെ രാഷ്ട്രീയാന്തരീക്ഷം അല്പമൊന്നു തണുത്തപ്പോൾ, അധികൃതന്മാർ ആസാദിനെ ബങ്കുറാ ജയിലിലേക്ക് മാററിപ്പാർപ്പിച്ചു.

ഇന്ത്യൻ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി 1945 മേയിൽ, വേവൽപ്രഭു ഇംഗ്ളണ്ടിലേക്ക് പോയി. പ്രശ്നത്തിൻെറ അടിയന്തരസ്വഭാവം ബ്രിട്ടീഷ് ഗവർമ്മണ്ടിനെ ബോദ്ധ്യ

പ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. തന്മൂലം ഇന്ത്യാ ഗവർമ്മണ്ടിന്റെ നയത്തിൽ വലിയ അയവുണ്ടായി. രാഷ്ട്രീയ തടവുകാരെല്ലാം കാലാവധിക്കുമുമ്പ് വിട്ടയയ്ക്കപ്പെട്ടു.

1945 ജൂൺ മാസത്തിലേ ഒരു സായാഹ്നം. ജയിലിന്റെ ഇരുണ്ടലോകത്തിൽ നിന്നും ആസാദ് മോചിതനായി. അദ്ദേഹം വീട്ടിലേക്കു പുറപ്പെട്ടു.

കൽക്കത്തയിലെ തീവണ്ടിയാപ്പീസിൽ അനേകായിരം ആളുകൾ തടിച്ചുകൂടി. അവർ തങ്ങളുടെ നേതാവിനെ വീരോചിതമായി സ്വീകരിച്ചു.

ബങ്കാൾ കോൺഗ്രസ്സ് പ്രസിഡണ്ട് ലാവണ്യ പ്രഭാദത്തയോടൊപ്പം, അദ്ദേഹം കാറിൽ കയറി. ഹൗറാപ്പാലത്തിലൂടെ കാർ മുന്നോട്ടുനീങ്ങി. ഓർമ്മകൾ ഓളം തല്ലി ഉയർന്നു.

ആ രംഗം ആത്മകഥയിൽ ആസാദ് വിവരിക്കുന്നുണ്ട്.

— — "മൂന്നു വർഷങ്ങൾക്കുമുമ്പ് ബോംബയിലേക്ക് പുറപ്പെട്ടത് ഞാനോർത്തു. അന്നെന്റെ പ്രിയപ്പെട്ടവൾ ഉണ്ടായിരുന്നു. പടിവാതിൽക്കൽ നിന്ന് അവളെന്നെ യാത്രയാക്കി. ഞാനിതാ തിരിച്ചുവരുന്നു. പക്ഷേ അവൾ എവിടെ? അവളിപ്പോൾ ശ്മശാനത്തിലെ മണ്ണിന്നടിയിലാണ്. എന്റെ ഗൃഹം ശൂന്യമായിരിക്കുന്നു. വേഡ്സ്‌വർത്തിന്റെ കവിതാശകലം ഞാനോർത്തു:.

' ഹാ! അവൾ കല്ലറക്കുള്ളിലാണ്;
ഇവനോ, ആകെ മാറിയിരിക്കുന്നു.''

അനുയായികൾ നേതാവിനെ വീരോചിതമായി സ്വീകരിക്കുന്നു. ആഹ്ളാദം പ്രകടിപ്പിക്കുന്നു. നേതാവിന്റെ ഹൃദയമോ? ദുഃഖത്തിന്റെ കടലാണ്. ആസാദ് വിങ്ങിപ്പൊട്ടി. വീട്ടിലേക്ക് പോകുന്നതിനുമുമ്പ്, പ്രിയതമയുടെ കുഴിമാടം സന്ദർശിക്കുവാൻ, ഹൃദയംവെമ്പി.

ആ കാർ പള്ളിപ്പറമ്പിലേക്ക് തിരിച്ചു. അനുയായികളുടെ സ്വീകരണം, കാറിൽ പൂമാലകൾ നിറച്ചിരുന്നു. അവയിൽ ഒന്നെടുത്ത്, അദ്ദേഹം ഭാര്യയുടെ കുഴിമാടത്തിൽ സമർപ്പിച്ചു. നിശ്ശബ്ദമായി 'ഫാത്തേഹാ' വായിച്ചു.

# XVI

## സിംലയിൽ ഒരു സമ്മേളനം

വേവൽ പ്രഭുവിൻെറ പരിശ്രമഫലമായി, ബ്രിട്ടീഷ് ഗവർമ്മെണ്ട് പുതിയ ചില നിർദ്ദേശങ്ങളുമായി മുമ്പോട്ടുവന്നു. അതിൻെറ ചർച്ചക്കുവേണ്ടി സിംലയിൽ ഒരു വട്ടമേശസമ്മേളനം സംഘടിപ്പിച്ചു.

ജയിൽ ജീവിതംകൊണ്ട് ആസാദിൻെറ ആരോഗ്യം താറുമാറായിരുന്നു. കുറേക്കാലം വിശ്രമമെടുക്കണമെന്നായിരുന്നു ഡോക്ടർമാരുടെ നിർദ്ദേശം. അതിനിടക്കാണ് സിംലാസമ്മേളനത്തിൽ പങ്കെടുക്കാൻ വൈസ്രോയി ക്ഷണിക്കുന്നത്. തൻെറ ആരോഗ്യത്തെക്കാൾ, നാടിൻെറസ്വാതന്ത്ര്യമാണല്ലോ വലുത്. ആസാദ് സിംലയിലേക്ക് പുറപ്പെട്ടു. ബങ്കാളിലെ പ്രമുഖ കോൺഗ്രസ്സു പ്രവർത്തകനായ ഹുമയൂൺ കബീറിനെ, തൻെറ സിക്രട്ടറിയായി നിശ്ചയിച്ച്, കൂടെ കൊണ്ടുപോയി. ജോലി ഭാരം ലഘൂകരിക്കാനാണ് അങ്ങനെ ചെയ്തത്.

സിംലാ സമ്മേളനത്തിൽ കോൺഗ്രസ്സിനെ പ്രതിനിധീകരിച്ച് സംബന്ധിക്കുവാൻ. പ്രവർത്തകസമിതി ചുമതലപ്പെടുത്തിയത് ആസാദിനെത്തന്നെയായിരുന്നു.

സാലിം സമ്മേളനം ഒരു ഒത്തു തീർപ്പിന്റെ കവാടം തുറക്കുമെന്ന് പലരും പ്രതീക്ഷിച്ചു. പക്ഷേ മുസ്ലിം ലീഗിന്റെ പിടിവാശിമൂലം, സമ്മേളനം തകർന്നു പോയി.

നിർവാഹകസമിതി രൂപീകരിക്കുമ്പോൾ, അതിലെ മുസ്ലീം അംഗങ്ങളെ നിർദ്ദേശിക്കാൻ, തങ്ങൾക്കുമാത്രമേ അവകാശമുണ്ടാകാവൂ എന്നു ലീഗു വാദിച്ചു. ഒരു ദേശീയസംഘടനയായ കോൺഗ്രസ്സിനു അതംഗീകരിക്കാനാവുമായിരുന്നില്ല. എല്ലാ മതവിഭാഗങ്ങളിലുംമുള്ള വരെ നിർദ്ദേശിക്കുവാൻ കോൺഗ്രസ്സിന് അവകാശമുണ്ടാവണം. ആസാദ് ഉറച്ചു പറഞ്ഞു. ഒടുവിൽ ഒരു യോജിപ്പിലെത്താൻ കഴിയാതെ, സമ്മേളനം പിരിഞ്ഞു.

അല്പം വിശ്രമമെടുക്കാൻ, ആസാദ് കാശ്മീരിലേക്ക് തിരിച്ചു.

ആയിടക്കാണ് ഇന്ത്യയിൽ പൊതു തെരഞ്ഞെടുപ്പ് നടത്താൻ വൈസ്രോയിയുടെ പ്രഖ്യാപനം വന്നത്. ആസാദ് വിശ്രമമുപേക്ഷിച്ചു വീണ്ടും ദില്ലിയിലെത്തി. സുസംഘടിതമായ പ്രവർത്തനം ആവശ്യമായിരുന്നു. പൂനയിലും, പിന്നീട് ബോംബെയിലും കോൺഗ്രസ്സ് പ്രവർത്തക സമിതി സമ്മേളിച്ചു. പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്തു.

പരിതഃസ്ഥിതികൾക്ക് മാററം വന്നിരിക്കുന്നു. ബ്രിട്ടനിൽ ലേബർ കക്ഷി അധികാരത്തിലെത്തിയിരിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത് ശുഭാപ്തി വിശ്വാസത്തിന് വകനല്കുന്നുണ്ട്. സിംലാസമ്മേളനം പരാജയപ്പെട്ടെന്നത് നേരു തന്നെ. എങ്കിലും അതൊരു നല്ല തുടക്കമായിരുന്നു. അതുകൊണ്ട് കോൺഗ്രസ്സ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകതന്നെ വേണം. ഈ അഭിപ്രായം പ്രകടിപ്പിച്ചവരുടെ കൂട്ടത്തിൽ ആസാദും ഉണ്ടായിരുന്നു. എതിർപ്പ് ഒട്ടും കുറവായിരുന്നില്ല. ഒടുവിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ തന്നെ പ്രവർത്തക സമിതി തീരുമാനിച്ചു.

പൊതു തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനമെടുത്തല്ലോ. ആ നിലക്ക് രാഷ്ട്രീയത്തടവുകാരെ പൊതു മാപ്പുനല്കി വിട്ട

യയ്ക്കണം. ആസാദു വൈസ്രോയിക്കെഴുതി. രണ്ടുഘട്ടങ്ങളായി നേതാക്കളും പ്രവർത്തകരും മോചിതരായി.

തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് വമ്പിച്ച ഭൂരിപക്ഷം നേടി. പിന്നീട് മന്ത്രിസഭ രൂപീകരിക്കുന്ന പ്രശ്നമായി. എല്ലാ ദിക്കിലും ആസാദിൻെറ ബുദ്ധിയും തന്ത്രവും പ്രവർത്തിച്ചു! അഭിപ്രായ വ്യത്യാസങ്ങളുണ്ടായെങ്കിലും അദ്ദേഹത്തിൻെറ തീരുമാനങ്ങൾ പൊതുവെ സ്വീകാര്യമായിരുന്നു.

# XVII

## ദൌത്യസംഘത്തിൻെറ ആഗമനം

ബ്രിട്ടനിൽ അധികാരത്തിലെത്തിയ ആററ്ലി മന്ത്രിസഭ, ഇന്ത്യയുടെ കാര്യത്തിൽ അതീവതാത്പര്യം പ്രകടിപ്പിച്ചു.

ഇന്ത്യക്ക് സ്വാതന്ത്ര്യം നല്കാൻ അവർ തീരുമാനമെടുത്തു. അത് എങ്ങനെ നിർവഹിക്കുമെന്നത് ഒരു കുഴഞ്ഞ പ്രശ്നമായിരുന്നു. അതിന് ദീർഘവും, വിശദവുമായ ചർച്ചവേണ്ടിവരും. ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും യോജിക്കാവുന്ന ഒരു രീതി കണ്ടെത്തണം. ആററ്ലി ഗവർമ്മണ്ട് പാർലമെൻറിൻെറ ഒരുപ്രതിനിധിസംഘത്തെ ഇന്ത്യയിലേക്കയക്കുവാൻ തീരുമാനിച്ചു.

1946 മാർച്ചിൽ ഈ ദൌത്യസംഘം ദില്ലിയിലെത്തി.

ജവഹരിലാലും, ആസാദും, പട്ടേലും ഒന്നിച്ച് പോയി, ദൌത്യസംഘവുമായി സംഭാഷണം നടത്തി. വിവാദപ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ആസാദ് മുൻകൂട്ടി തീരുമാ

നിച്ചുറച്ചിരുന്നു. കോൺഗ്രസ്സിൻെറ നിലപാട് അദ്ദേഹം ദൌത്യസംഘത്തിന് വിവരിച്ചു കൊടുത്തു.

അതിനിടെ ഇന്ത്യ വിഭജിക്കണമെന്ന് സൂചിപ്പിക്കുന്ന ഒരു പ്രമേയം, മുസ്ലീംലീഗ് അംഗീകരിച്ചിട്ടുണ്ടായിരുന്നു. ഇന്ത്യയുടെ വിഭജനം ഒരു കാലത്തും സ്വീകരിക്കുവാൻ കഴിയില്ലെന്ന് ആസാദ് വ്യക്തമാക്കി.

ഇന്ത്യക്ക് ഒരു ഭരണഘടനയുണ്ടാക്കുകയാണ് ആദ്യം വേണ്ടതെന്ന് ദൌത്യസംഘം തീരുമാനിച്ചു. എല്ലാവരും അതിനോടു യോജിച്ചു. പിന്നീട് അവർ മുമ്പിൽ വച്ച പദ്ധതി എല്ലാവരും അംഗീകരിച്ചു.

ഇക്കാലത്തു തന്നെ, സംഘടനയ്ക്കുള്ളിൽ ചില മുറുമുറുപ്പുകളുണ്ടാവുന്നത് ആസാദിൻെറ ശ്രദ്ധയിൽപ്പെട്ടു. '39 മുതൽ 46 വരെ' ദീർഘകാലമായി അദ്ദേഹം കോൺഗ്രസ്സ് പ്രസിഡണ്ടാണ്. അത്, ചിലർക്കൊന്നും ഇഷ്ടപ്പെട്ടിരുന്നില്ല. ഏതായാലും പ്രസിഡണ്ട് പദം ഒഴിയാൻ തീരുമാനിച്ചു. ആരാധകന്മാർ സ്ഥാനം തുടരുവാൻ അദ്ദേഹത്തോടപേക്ഷിക്കാതിരുന്നില്ല. പക്ഷേ അതുവകവക്കാതെ, പുതിയ പ്രസിഡണ്ടിൻെറ തെരഞ്ഞെടുപ്പിന് ഏർപ്പാട് ഉണ്ടാക്കി.

പിൻഗാമിയായി വന്നത് ജവഹരിലാൽ നെഹ്റുവായിരുന്നു. തനിക്ക് മനസ്സിനിണങ്ങിയ ആാം തന്നെ പ്രസിഡണ്ടായിവന്നതിൽ, ആസാദ് സന്തുഷ്ടി രേഖപ്പെടുത്തി.

# XVIII

## ഇടക്കാല ഗവൺമെൻറ്

ഇടക്കാല ഗവർമ്മണ്ട് രൂപീകരിക്കുന്ന ഭാരം കോൺഗ്രസ് ഏറെറടുക്കേണ്ടി വന്നു. ഇതിനെക്കുറിച്ച് ആലോചിക്കുവാൻ നെഹറു, സർദാർപട്ടേൽ, ആസാദ്, ഡോ: രാജേന്ദ്രപ്രസാദ് മുതലായവര് ദില്ലിയിൽ ഒത്തുചേർന്നു. ഇടക്കാല ഗവർമ്മെണ്ട് രൂപീകരിക്കുമ്പോഠം, ശ്രദ്ധിക്കേണ്ട പലസംഗതികളും ഉണ്ടായിരുന്നു. ആസാദ് ചർച്ചയിൽ സജീവമായി പങ്കെടുത്തു.

കൌൺസിലിൽ ആസാദും ഒരംഗമാവണമെന്ന് സഹപ്രവർത്തകർ നിർബന്ധിച്ചു. പക്ഷേ ആസാദ് വഴങ്ങിയില്ല. ഗവർമ്മണ്ടിന്ന് പുറത്തുനിൽക്കുവാനാണ് അദ്ദേഹം താൽപ്പര്യപ്പെട്ടത്

മുസ്ലീംലീഗ് കൂടി കൌൺസിലിൽ പങ്കാളിയാവണമെന്ന് വേവൽ പ്രഭു ആഗ്രഹിച്ചിരുന്നു. കോൺഗ്രസ് അതിനെ എതിർക്കുകയില്ലെന്ന് ആസാദ് വാക്കുകൊടുത്തു. മാത്രമല്ല, കൌൺസിൽ ബഹിഷ്ക്കരിക്കുവാനുള്ള ലീഗിൻെറ തീരുമാനം അർത്ഥശൂന്യമാണെന്ന് അഭിപ്രായപ്പെട്ടു കൊണ്ട്, അദ്ദേഹം ഒരു പ്രസ്താവനയിറക്കുകയും ചെയ്തു.

ഒടുവിൽ ഇടക്കാല ഗവർമ്മെണ്ട് രൂപീകരിക്കപ്പെട്ടു. മുസ്ലീം ലീഗും അതിൽ പങ്കുചേർന്നു. വകപ്പു വിഭജനം ഒരു കീറാമുട്ടിയായിത്തീർന്നു.

പട്ടേലിൻെറ കയ്യിലായിരുന്നു ആഭ്യന്തരവകുപ്പ്. അത് ലീഗിന് വിട്ടുകൊടുക്കാൻ അദ്ദേഹം തയ്യാറായില്ല. പകരം ധന

കാര്യവകുപ്പ് കൊടുക്കാൻ തീരുമാനിച്ചു. അതൊരു വിഡ്ഢിത്തമാണെന്ന് ആസാദ് വാദിച്ചു. ധനകാര്യവകുപ്പിന് മറ്റെല്ലാ വകുപ്പുകളിലും പിടിയുള്ളതാണ്. ലീഗ് മന്ത്രിയുടെ സഹായമില്ലാതെ ആർക്കും ഒന്നും ചെയ്യാനൊക്കാത്ത നിലവരും. ആസാദിന്റെ അഭിപ്രായം ആരും ചെവിക്കൊണ്ടില്ല. അധികം കാത്തിരിക്കേണ്ടിവന്നില്ല. ആസാദിന്റെ വീക്ഷണം ശരിയാണെന്ന് തെളിഞ്ഞു. ധനകാര്യമന്ത്രിയുടെ ഇടപെടലുകൾ കൊണ്ട്, കോൺഗ്രസുമന്ത്രിമാർക്ക് ഒന്നും ചെയ്യാൻ വയ്യാതായി. അഭിപ്രായഭിന്നതകൾ തലപൊക്കിത്തുടങ്ങി.

അൽപ കാലത്തിനുള്ളിൽ ആസാദ് മന്ത്രി സഭയിൽ ചേർന്നു. സുഹൃത്തുക്കൾ നിർബന്ധിക്കുകയായിരുന്നു. ഗാന്ധിജിയും സ്നേഹപൂർവം ആവശ്യപ്പെടുകയുണ്ടായി. അതുകൊണ്ടാണദ്ദേഹം മന്ത്രിസഭയിൽ അംഗമാവാൻ സമ്മതിച്ചത്. വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയാണ് അദ്ദേഹത്തെ ഏൽപ്പിച്ചത്.

മന്ത്രിസഭയിൽ അധികകാലം ചേർന്ന് നിൽക്കാൻ ലീഗിന് കഴിഞ്ഞില്ല. അവർ കൌൺസിൽ ബഹിഷ്ക്കരിച്ചു. മന്ത്രിസഭയിൽ നിന്നും രാജിവച്ചു.

1946 മാർച്ചിൽ മൌണ്ട് ബാററൻപ്രഭു പുതിയ ഇന്ത്യാ വൈസ്രോയിയായി വന്നു.

ആസാദും മൌണ്ട് ബാററനും തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നു. ഇന്ത്യയിലെ വർഗ്ഗീയ പ്രശ്നങ്ങളായിരുന്നു സംഭാഷണവിഷയം. അതു പരിഹരിക്കാൻ കഴിഞ്ഞാൽ ഇന്ത്യയുടെ ഭാവി ശോഭനമായിരിക്കും. മൌണ്ട് ബാററനും യോജിച്ചു. അങ്ങനെയാണെങ്കിൽ മൌണ്ട് ബാററൻ ഇക്കാര്യത്തിൽ മദ്ധ്യസ്ഥത വഹിക്കണമെന്ന് ആസാദപേക്ഷിച്ചു.

ഇന്ത്യയിലെങ്ങും വർഗ്ഗീയ ലഹളകൾ ഉണ്ടായി. സ്ഥിതി വഷളായിത്തുടങ്ങി. ഈ അവസ്ഥ ഇല്ലാതാക്കാൻ ഇന്ത്യാ വിഭജനമാണ് ഏക പോംവഴിയെന്ന് മൌണ്ട് ബാററൻ അഭിപ്രായപ്പെട്ടു. സർദാർ പട്ടേൽ ശക്തിയായി ഈ അഭിപ്രായത്തെ പിന്താ

ങ്ങി. വിഭജിക്കപ്പെട്ട ഒരിന്ത്യയ്ക്കു വേണ്ടിയല്ല നാം സ്വാതന്ത്ര്യ സമരം നടത്തിയത്. ആസാദ് ശക്തിയുക്തം വാദിച്ചു. 'ക്യാബിനററ് മിഷൻ' പദ്ധതിയനുസരിച്ച്, ഇന്ത്യയ്ക്ക് പുതിയൊരു ഭരണഘടനയുണ്ടാക്കിയാൽ വർഗീയക്കുഴപ്പങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ആസാദ് ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. വിഭജനം അംഗീകരിച്ചു കൊണ്ട് അവസാന തീരുമാനമൊന്നുമെടുക്കരുതെന്ന് ആസാദ്, നെഹ്റുവിനോടും. പട്ടേലിനോടും അപേക്ഷിച്ചു. പക്ഷേ വിഭജനം അത്യാവശ്യമാണെന്ന അഭിപ്രായത്തിൽ ത്തന്നെ പട്ടേൽ ഉറച്ചു നിന്നു. മററൊരു പോംവഴിയുമില്ലല്ലോ എന്നായിരുന്നു നെഹ്റുവിൻെറ വിഷാദം.

ഒടുവിൽ ഗാന്ധിജിപോലും വിഭജനത്തെ അനുകൂലിച്ചു കഴിഞ്ഞുവെന്നതറിഞ്ഞപ്പോൾ ആസാദിൻെറ ഹൃദയം നുറുങ്ങി. താൻ ഒററപ്പെടുകയാണെന്ന് അദ്ദേഹത്തിനു തോന്നി.

1947 ജൂൺ 14- നു ചേർന്ന അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററി യോഗത്തിൽ, വികാരഭരിതനായി ആസാദ് വിഭജനത്തെ എതിർത്തു സംസാരിച്ചു. അതൊരു ദുരന്ത മായിരിക്കുമെന്ന് മുന്നറിയിപ്പു നല്കി.

ആസാദ് ഭയപ്പെട്ടതുപോലെത്തന്നെ സംഭവിച്ചു. വർഗീയ ക്കോമരങ്ങൾ ഇന്ത്യയിൽ ചോരപ്പുഴകൾ ഒഴുക്കി. ആ ചോരപ്പുഴയിലൂടെ, ദുഃഖിതയായ ഇന്ത്യ മുന്നോട്ടു നീങ്ങി.

1947 ആഗസ്ററ് 15. ഇന്ത്യ സ്വതന്ത്രയായി.

# XIX

# വിദ്യാഭ്യാസ മന്ത്രി

പ്രഗൽഭനായ ഒരു വിദ്യാഭ്യാസ ചിന്തകനാണ് ആസാദ്. 1947 ജനുവരി മുതൽ മരിക്കുന്നതുവരെ അദ്ദേഹം ഇന്ത്യയുടെ വിദ്യാഭ്യാസമന്ത്രിയായിരുന്നു.

പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി പ്രായോഗികമായ പരിഹാരം കണ്ടെത്താനുള്ള തന്റെ കഴിവ് ഇന്ത്യയുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ സാരമായ മാററങ്ങളുണ്ടാക്കുവാൻ ഉപയോഗപ്പെടുത്തി. ഭരണകാലത്ത് – പതിനൊന്ന്, വർഷങ്ങളോളം – ചരിത്രപ്രധാനമായ പലനേട്ടങ്ങളും അദ്ദേഹം കൈവരുത്തി.

പഞ്ചവൽസര പദ്ധതിയിൽ, വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി, ഗണനീയമായ ഒരു തുക വകയിരുത്തിയിരുന്നു. നമ്മുടെ വിദ്യാഭ്യാസ രീതി, ഒരു സ്വതന്ത്ര രാഷ്ട്രത്തിന്റെ വളർച്ചക്ക് ഉതകുമാറ് രൂപപ്പെടുത്തേണ്ടതാണെന്ന്, അദ്ദേഹം വിശ്വസിച്ചു. കാലത്തിന്റെ വെല്ലുവിളി നേരിടാൻ ശക്തമാകണമെങ്കിൽ, കേന്ദ്രസംസ്ഥാന ഗവർമ്മണ്ടുകൾ, പരസ്പരം സഹകരിക്കണമെന്നായിരുന്നു ആസാദിന്റെ അഭിപ്രായം. വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകുന്ന നിർദ്ദേശങ്ങളിലും, പൊതുപ്രസംഗങ്ങളിലും ഇക്കാര്യം എടുത്തുപറയാറുണ്ട്.

-സാമൂഹിക- സാമ്പത്തിക രംഗങ്ങളിൽ, ഭാവിയെ അവഗണിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതിക്ക് രൂപംകൊടുക്കുന്നതുകൊണ്ട് ഫലമില്ല. നമ്മുടെ പ്രവർത്തനമണ്ഡലങ്ങളിലെ വിവിധതുറകൾ തമ്മിൽ പരസ്പരബന്ധമുണ്ടാകേണ്ടതു

ണ്ട്. എതു് രീതി സ്വീകരിച്ചാലുംകൊള്ളാം, സ്വതന്ത്രചിന്താഗതിയുള്ള തലമുറയെ വാർത്തെടുക്കുകയാവണം വിദ്യാഭ്യാസത്തിൻെറ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ഒരു പുതിയരാഷ്ട്രം കെട്ടിപ്പടുക്കണമെങ്കിൽ, അതിനുള്ള മാനസികശക്തി ആർജിക്കേണ്ടതുണ്ട്.

ഈ അഭിപ്രായങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ്, സ്വതന്ത്രഭാരതത്തിൻെറ പ്രഥമ വിദ്യഭ്യാസമന്ത്രി പ്രവർത്തിച്ചുവന്നത്.

പ്രധാനമന്ത്രിയായിരുന്ന ജവഹരിലാലിനും മഹത്തായ വിദ്യാഭ്യാസ ലക്ഷ്യങ്ങളുണ്ടായിരുന്നു. പ്രധാനമന്ത്രി കരുപ്പിടിപ്പിച്ച ആശയങ്ങൾ, പ്രവൃത്തിപഥത്തിൽകൊണ്ടുവരാൻ ആസാദ് കഠിനയത്നം ചെയ്തു. പ്രചരണത്തിൻെറ കാര്യത്തിൽ അദ്ദേഹം ഒട്ടും പിന്നിലായിരുന്നില്ല. ര സൂത്രണം എല്ലാ തുറകളിലും വിജയിക്കണമെങ്കിൽ, വിദ്യാഭ്യാസരംഗം ആദ്യംപുരോഗമിക്കണം. ബന്ധപ്പെട്ടവരിൽ ഈ ബോധമുണ്ടാകുവാൻ ആസാദിന് കഴിഞ്ഞിരുന്നു.

സാങ്കേതിക വിദ്യാഭ്യാസത്തിൻെറ ആസൂത്രിതമായ വളർച്ച. വ്യവസായപുരോഗതിയുടെ നെടുന്തൂണാണെന്ന്, ആസാദ് മനസ്സിലാക്കി. 1945–ൽ രൂപീകരിക്കപ്പെട്ട അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൌൺസിലിനെ ഔദ്യോഗികമായി അംഗീകരിച്ചു. അതിൻെറ ഘടനയിൽ മാററം വരുത്തുകയും ചെയ്തു.

ധാരാളം ഗവേഷണശാലകൾ, രാജ്യത്തിൻെറ നനാഭാഗത്തും ആരംഭിച്ചു. ബംഗാളിലെ ഖാരഗ്പൂരിൽ ഒരു ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഉദ്ഘാടനം ചെയ്യപ്പെട്ടതും ഇക്കാലത്താണ്.

ഇന്ന് നോക്കുമ്പോൾ, വളരെ സൂക്ഷ്മതയോടു കൂടിയാണ് ആസാദ് സാങ്കേതിക വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നു കാണാം.

സുസംഘടിതവും, ആസൂത്രിതവുമായി വിദ്യാഭ്യാസം നല്കി, അധഃകൃതവര്‍ഗ്ഗക്കാരെ, മററുള്ളവരോടൊപ്പം ഉയര്‍ത്തുവാന്‍ ആസാദ് ആഗ്രഹിച്ചു. അതിനുവേണ്ടി കോടിക്കണക്കില്‍ രൂപായുടെ പദ്ധതികളുണ്ടാക്കിയിരുന്നു.

നമ്മുടെ ദേശീയ വിദ്യാഭ്യാസത്തിന്റെ അടിത്തറ, 'അടിസ്ഥാന വിദ്യാഭ്യാസ' മായിരിക്കണം. അത് മഹാത്മാഗാന്ധിയുടെ ആഗ്രഹമായിരുന്നു. പലരും എതിര്‍പ്പ് പ്രകടിപ്പിച്ചിരുന്നെങ്കിലും, രാഷ്ട്രപിതാവിന്റെ ഇംഗിതത്തിനൊത്ത്, അടിസ്ഥാന വിദ്യാഭ്യാസ രീതി നടപ്പാക്കുന്നതില്‍, ആസാദു നിര്‍ബന്ധ ബുദ്ധി കാണിച്ചു.

സാഹിത്യകാരനായ ആ വിദ്യാഭ്യാസ മന്ത്രി, നമ്മുടെ കലാസാംസ്ക്കാരിക രംഗങ്ങളിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തില്‍ സാഹിത്യ സംഗീത, നാടക, ലളിതകലാ അക്കാദമികാം അദ്ദേഹത്തിന്റെ സംഭാവനയാണ്. സാംസ്ക്കാരിക കാര്യങ്ങരംക്ക് ഒരു ഇന്ത്യന്‍ 'കൌണ്‍സില്‍ രൂപീകരിക്കുവാന്‍ അദ്ദേഹം മുന്‍കയ്യെടുത്തു. വിദേശരാജ്യങ്ങളിലെ സാംസ്ക്കാരിക സംഘടനകളുമായി ബന്ധപ്പെടുവാന്‍ ആദ്യമായി സൌകര്യങ്ങളുണ്ടാക്കിയതും അദ്ദേഹമാണ്.

പ്രാദേശിക ഭാഷകളുടെ വളര്‍ച്ചയ്ക്കു തടസ്സമാവാത്ത വിധത്തില്‍, ഹിന്ദിഭാഷയുടെ പുരോഗതി സാധിക്കാനും അദ്ദേഹം പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ട്. ഇംഗ്ലീഷു പഠനം ഉപേക്ഷിക്കരുതെന്നു വാദിച്ച്, ആ ഭാഷാപഠനത്തിന് സൌകര്യമുണ്ടാക്കുവാനും ആസാദ് ഉത്സാഹിച്ചു.

അദ്ധ്യാപക ലോകത്തോടു ആസാദിന് വലിയ ആദരവായിരുന്നു. പ്രസംഗങ്ങളിലും, പ്രവര്‍ത്തനങ്ങളിലും അത് പ്രകടിപ്പിക്കുന്നതില്‍ അദ്ദേഹം ധാരാളി തന്നെയായിരുന്നു.

ചുരുക്കത്തില്‍ ആസാദിന്റെ നയം ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്തില്‍, മായാത്ത മുദ്രപതിപ്പിച്ചിട്ടുണ്ടെന്ന് തീര്‍ത്തുപറയാം.

MUNAVIRUL ISLAM HIGH SCHOOL
Date
ERNAKULAM

# XX

# ആസാദ് എന്ന മനുഷ്യൻ

നീണ്ടു നിവർന്ന് ഉറച്ച ശരീരം: തിളങ്ങുന്ന കണ്ണുകൾ. ആരും ബഹുമാനിച്ചുപോകുന്ന ശാന്ത ഗംഭീരമായ ഭാവം; തലയിലൊരു തുർക്കി തൊപ്പി. അത്രയുമായാൽ ആസാദിൻെറ ഏകദേശ രൂപമായി. ഭാരതീയരുടെ മനസ്സിൽ മങ്ങാതെ നില്ക്കുന്ന ഒരു ചിത്രം.

ജവഹരിലാൽ നെഹ്റു പറഞ്ഞു "യൂറോപ്യൻ നവോത്ഥാന കാലത്തെ മഹാത്മാക്കളെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ളതാണ് ആസാദിൻെറ ജീവിതം. കഷ്ടപ്പാട് നിറഞ്ഞ ആധുനിക ലോകം അന്വേഷിച്ചു കൊണ്ടിരിക്കുന്ന സഹിഷ്ണുതയും, ക്ഷമയും, വിനയവും ആ മഹാത്മാക്കളുടെ പ്രത്യേകതയായിരുന്നല്ലോ.

ആസാദ് മഹദ്ഗുണങ്ങളുടെ വിളനിലമായിരുന്നു.

സഹിഷ്ണുത അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ ഒരു ഭാഗമായിരുന്നു. വെറും മതസഹിഷ്ണുതയല്ല; എല്ലാ തുറകളിലുമുള്ള സഹിഷ്ണുത. താൻ ശരിയാണെന്നു കരുതുന്നതു പറയാനും, പ്രവർത്തിക്കുവാനും ഏതൊരു വ്യക്തിക്കും അവകാശമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

ഇന്ത്യയിലെ സാമാന്യ ജനങ്ങൾ അദ്ദേഹത്തെ നേതാവാക്കി; പക്ഷേ ജനസാമാന്യവുമായി വലിയ അടുപ്പം പുലർത്തു

വാൻ അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചിരുന്നില്ല. വാഗ്ധോരണി കൊണ്ട് ജനങ്ങളെ സ്തബ്ധചിത്തരാക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എന്നാൽ അതേ ജനങ്ങളുമായി അടുത്തു പെരുമാറേണ്ടിവന്നാൽ, ആ വലിയ നേതാവ് ലജ്ജാലുവായിത്തിരും.

ആചാര്യ ജെ. ബി. കൃപലാനി ഒരു ഓർമ്മക്കുറിപ്പിൽ എഴുതി:

'' - മൌലാനാസാഹിബ്, പലപ്പോഴും പൊതുയോഗങ്ങളിൽ പങ്കെടുക്കാറുണ്ട്. പക്ഷേ വേദിയുടെ പിൻനിരയിലേ ഇരിക്കൂ. ശ്രദ്ധിക്കപ്പെടുന്നത് ഇഷ്ടമായിരുന്നില്ല. അപൂർവ്വമായേ പ്രസംഗിക്കുകയുള്ളൂ. പക്ഷേ ആരംഭിച്ചു കഴിഞ്ഞാൽ, വാക്കുകളുടെ മനോഹാരിത ശ്രദ്ധേയമാണ്. ശ്രോതാവിനെ പിടിച്ചിരുത്തുന്ന അവതരണ ഭംഗി ഒരു പ്രത്യേകത തന്നെയായിരുന്നു''.

ഗാന്ധിജിക്ക് ആസാദിനോട് വലിയ മതിപ്പുണ്ടായിരുന്നു. ജനങ്ങളുമായി അടുത്തു ബന്ധപ്പെടാൻ ആസാദിനാവില്ലെന്ന് ഗാന്ധിജിയും മനസ്സിലാക്കിയിട്ടുണ്ട്.

കടമകൾ നിർവ്വഹിക്കുന്നതിലുള്ള നിർബന്ധ സ്വഭാവം ആസാദിൻെറ മറെറാരു പ്രത്യേകതയാണ്. ഒരു സംഗതി ഏററു കഴിഞ്ഞാൽ, ഏതു തരത്തിലെങ്കിലും അതു നിർവഹിക്കും. ആരോഗ്യ സ്ഥിതി മോശമായാൽപ്പോലും അദ്ദേഹമതു വകവയ്ക്കുകയില്ല.

തൻെറ വിശ്വാസ പ്രമാണങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന് എന്തു ത്യാഗവും ചെയ്യാൻ മടികാണിക്കാറില്ല. തനിക്ക് ശരിയെന്ന് തോന്നുന്നതെന്തും, ആരോടും തുറന്നു പറയും. ഉറച്ച വിശ്വാസങ്ങളോടു കൂടി പ്രവർത്തിക്കുന്നവരാണ് ശരിയായ നേതാക്കന്മാർ. ആസാദിൽ ഈ ഗുണവിശേഷം വളരെയുണ്ടായിരുന്നു.

അവിശ്രമം ജോലിചെയ്യുക ആസാദിന്റെ സ്ഥായീ സ്വഭാവമാണ്. കഠിനാദ്ധ്വാനം ആനന്ദത്തിന് ഒരു മരുന്നാണെന്ന് അദ്ദേഹം കരുതിപ്പോന്നു.

ശ്രീമതി അരുണാ ആസഫാലിയുടെ ഓർമ്മക്കുറിപ്പിൽ ഒരു ഭാഗം ഇതിന് ഉദാഹരണമാണ്. ഒരവസരത്തിൽ വ്യക്തിപരമായ ചില കാരണങ്ങളാൽ ദുഃഖിതയായി കഴിയുന്ന ശ്രീമതി അരുണയെ സന്ദർശിച്ച് ആസാദ് ഒരു കഥ പറഞ്ഞു. അദ്ദേഹം പണ്ടെന്നോ കേട്ട കഥ.

-''ഒരു ഗ്രാമത്തിൽ നല്ലൊരു കർഷകൻ. അയാൾക്ക് മകനൊരുത്തൻ. മകനെപഠിപ്പിച്ച വലിയവനാക്കണമെന്ന് അച്ഛനുമോഹം. കർഷകൻ പണിപ്പെട്ട്, പണമൊരുക്കി. മകനെ പട്ടണത്തിൽ പഠിക്കാനയച്ചു.

ഒരുദിവസം ആ കർഷകന് ഒരു കമ്പി കിട്ടി. മകന്റെ നല്ല വാർത്ത അറിയിക്കുന്ന കമ്പിയാവും– അയാൾ വിചാരിച്ചു. എഴുത്തറിഞ്ഞുകൂടായിരുന്നു. അയാൾ ഗ്രാമത്തിലെ അദ്ധ്യാപകനെ സമീപിച്ചു. അദ്ധ്യാപകൻ ആ ദുഃഖവാർത്ത വായിച്ചുകൊടുത്തു. അയാളുടെ മകന്റെ ചരമവാർത്ത! കർഷകൻ കണ്ണീരൊഴുക്കി.

അധികനേരം കഴിഞ്ഞില്ല. രാവിന്റെ ഏകാന്തതയിൽ അടുത്തവയലിൽ നിലമുഴുന്നശബ്ദം. രാത്രിനിലമുഴുന്നതാരായിരിക്കും? അദ്ധ്യാപകൻ റാന്തലുമെടുത്ത് ചെന്നു നോക്കി. നേരത്തേ വന്ന കർഷകൻ നിലമുഴുകയായിരുന്നു. ജോലിയിലൂടെ തന്റെ ദുഃഖം മറക്കാനുള്ള ശ്രമം, അദ്ധ്യാപകൻ അതുകണ്ട് തിരിച്ചു പോന്നു.''

ആസാദ് അരുണയോടു ഉപദേശിച്ചു,–പ്രവർത്തിക്കുക!

ഇന്ത്യയിലെ ജനങ്ങളോടും അതുതന്നെയാണ് ആഹ്വാനം ചെയ്തത്: പ്രവർത്തിക്കുക!

സമയനിഷ്ഠ പാലിക്കുന്നതിലും ആസാദ് കണിശക്കാര നായിരുന്നു. നിശ്ചയിച്ച സമയത്തിന്ന് മുമ്പായാലും, വൈകി യിട്ടായാലും അദ്ദേഹം ശുണ്ഠിയെടുക്കും. സമയം വൈകിത്തു ടങ്ങിയ പല പരിപാടികളിലും പങ്കെടുക്കാതെ, ആസാദ് തിരി ച്ചു പോയതായി അനുഭവസ്ഥന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

1958 ഫിബ്രവരി 22-ാം നു- യാണ് ദില്ലിയിൽ വച്ച് ത്യാ ഗോജ്ജ്വലമായ ആ ജീവിതത്തിൻെറ തിരശ്ശീല വീണത്. ഇന്ത്യയ്ക്ക് അതൊരു ദുഃഖദിനമായിരുന്നു. ലോകരാഷ്ട്രങ്ങളും ഇന്ത്യയുടെ തീരാനഷ്ടത്തിൽ അനുശോചനം രേഖപ്പെടുത്തി.

വിശുദ്ധനായ ദൈവവിശ്വാസി; പണ്ഡിതൻ; വാഗ്മി; സർവ്വോപരി മതസൗഹാർദ്ദത്തിൻെറ പ്രവാചകൻ.... അദ്ദേഹം എല്ലാമായിരുന്നു.; ഭാരതത്തിൻെറ മഹാന്മാരായ പുത്രന്മാ രിൽ ഒരാളായ മൗലാനാ മുഹമ്മദ്അബുൽകലാം ആസാദ്!

MUNAVIRUL ISLAM HIGH SCHOOL, ERNAKULAM
Date

6799

UKAVIRUL ISLAM HIGH SCHOOL
ERNAKULAM
Date

*S. R. Press, Malayinkil*